

വർണ്ണത്തൂലിക
ചെറുപുഷ്പം ജി.എച്ച്.എസ്.എസ്
വടക്കഞ്ചേരി-പാലക്കാട്,പിൻ:678683
INK

കേരളാ ഇൻഫ്രാസ്ട്രക്ചർ ആൻഡ്
ടെക്നോളജി ഫോർ എഡ്യൂക്കേഷൻ




**വിജ്ഞാന ഗോപുരമായ വിദ്യാക്ഷേത്രത്തിന്**

**നിറമനസ്സോടെ നമസ്കാരം.......!!!**

## ഞങ്ങളുടെ ലക്ഷ്യം –

# സ്നേഹത്തിലൂന്നിയ സേവനം

# വിശുദ്ധ മറിയം ത്രേസ്യ



**മലയാള മണ്ണിലെ വിശുദ്ധ താരം....... ഒരു നൂറ്റാണ്ടു മുമ്പേ കേരളക്കരയിൽ അക്ഷര ദീപം കൊളുത്തിയ, സ്വർഗ്ഗീയ ജ്യോതിസ്സായ അമ്മയ്ക്ക് പ്രണാമം.....!**

# വിശുദ്ധ കൊച്ചു ത്രേസ്യ



ഞങ്ങളുടെ വിദ്യാലയത്തിലേക്ക് അനുഗ്രഹത്തിന്റെ പനിനീർ പൂക്കൾ വർഷിക്കുന്ന സ്വർഗ്ഗീയ സൂനം....... !!!



## പ്രധാനാധ്യാപികയും കൈറ്റ് മിസ്ട്രസുമാർക്കുമൊപ്പം ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

# വഴിവിളക്കുകൾ..........



സി ആർഷ
എച്ച്  എസ് ടി മലയാളം
(കൈറ്റ്  മിസ്ട്രസ്സ്)
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി

ശ്രീമതി ഷീജ റോബർട്ട്
എച്ച് എസ് ടി ഇംഗ്ലീഷ്
(കൈറ്റ് മിസ്ട്രസ്സ്)
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി



## ഇ – മാഗസിൻ എഡിറ്റോറിയൽ ബോർഡ്

# നന്ദിയോടെ ....... യാത്രാമൊഴി........



ശ്രീമതി ലിസമ്മ കെ ജെ
എച്ച് എസ് ടി ഫിസിക്കൽ എഡ്യുക്കേഷൻ
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി

സി ജോസഫിൻ സി എച്ച് എഫ്
എച്ച് എസ് എസ് ടി സുവോളജി
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി

# മുഖമൊഴി

അക്ഷരങ്ങൾക്ക് ജീവനുണ്ട്..... നമ്മെ ത്രസിപ്പിക്കാൻ, ചിന്തിപ്പിക്കാൻ, രസിപ്പിക്കാൻ, ആശ്വസിപ്പിക്കാൻ, വേദനിപ്പിക്കാൻ, സന്തോഷിപ്പിക്കാൻ ഒക്കെ കഴിവുള്ള മനുഷ്യസഹജമായ ജീവൻ....! അതുകൊണ്ടുതന്നെ ഏതുതരം വികാരങ്ങളാണ് അത് മനുഷ്യരിലുണർത്തുക എന്ന് പറയാനാകില്ല........!

ആദ്യകാലങ്ങളിൽ തൂവൽ ഒരു എഴുത്തുപകരണമായിരുന്നു. മഷിയും തൂവലും ചേർന്ന് മനുഷ്യകരങ്ങളിലൂടെ അക്ഷരം ജനിച്ചു. ചരിത്രം രേഖപ്പെടുത്തുന്ന സത്യമായി...... അകം പൊരുളുകളിലൂടെ, ഗഗന ഗമനം നടത്തുമ്പോൾ *'വർണ്ണകൂപിക'* എന്ന ഇ-മാഗസിനും, ജീവനുള്ള അക്ഷരങ്ങളാൽ, വർണരാജി വിടർത്തുന്ന, ചാരുതയാർന്ന മഷിത്തുള്ളികളാൽ ഞങ്ങൾ കൊരുത്തെടുത്ത ചിറകുള്ള സ്വപ്നമാണിത്........

നീയാകുന്ന തൂവൽ *'വർണ്ണകൂപിക'* യിൽ നിറച്ചിരിക്കുന്ന മഷിത്തുള്ളികളാൽ നനച്ച് പുതുജീവിത നാമ്പുകളുടെ കഥപറയുന്ന ഒരു പുതുചരിത്രം രചിക്കാൻ നിനക്കും സാധിക്കട്ടെ........!!

# ആശംസ



2018–2019 അധ്യന വർഷത്തിൽ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് എന്ന പുതുസംരംഭം വിദ്യാലയത്തിനകത്തും പുറത്തും പുതുചലനം സൃഷ്ടിച്ചുകൊണ്ട് ഒരു വർഷം പിന്നിടുമ്പോൾ, ഈ വിദ്യാലയത്തിന്റെ അക്കാദമിക–അക്കാദമികേതര പ്രവർത്തനങ്ങളെ പുതുലോകത്തെത്തിച്ചും, ഐടി ഉപകരണങ്ങളുടെ അനന്തസാധ്യതകളെ മികവാർന്നരീതിയിൽ ഉപയോഗിച്ചുകൊണ്ടും മുന്നേറുന്നതിൽ അതീവ സന്തോഷമുണ്ട്. ചെറുപുഷ്പത്തിന്റെ യശസ്സിനെ വാനോളം ഉയർത്തിയ ലിറ്റിൽ കൈറ്റസ് അംഗങ്ങൾക്കും, അവർക്ക് നേതൃത്വം നൽകുന്ന കൈറ്റസ് മിസ്ട്രസ്സുമാർക്കും അഭിനന്ദനങ്ങൾ..........!!! നിങ്ങൾ നിർവഹിക്കുന്ന *"വർണക്കൂപിക"* എന്ന ഇ–മാഗസിന് എല്ലാ വിധ മംഗളങ്ങളും ആശംസിക്കുന്നു..... വിവര സാങ്കേതിക മികവോടെ ഈ ഉദ്യമം സഫലമാകാൻ എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു....

പ്രിൻസിപ്പൽ

സി റോസ്ലിൻ മാത്യൂ സി എച്ച് എഫ്

ചെറുപുഷ്പം ജി എച്ച് എസ് എസ്

വടക്കഞ്ചേരി

# ആശംസ



വിവരസാങ്കേതിക ലോകത്ത് അറിവിന്റെ നൂതന വാതായനങ്ങൾ തുറന്ന് അനന്തവിഹായസ്സിലേയ്ക്ക് ചിറകുവിരിച്ച് പറക്കാൻ തക്കവണ്ണം കുട്ടികളുടെ ചെറുമനസ്സിനെ കൈപിടിച്ച് ഉയർത്തുന്ന ലിറ്റിൽ കൈറ്റ്സ് പദ്ധതിയ്ക്ക് ഹൃദയം നിറഞ്ഞ അഭിവാദ്യങ്ങൾ! വളർന്നു വികസിച്ചു കൊണ്ടിരിക്കുന്ന ഈ ഭാരതത്തിൽ വിദ്യാഭ്യാസത്തിന് ഏറ്റവുമധികം പ്രാധാന്യം നൽകുന്ന കേരള സംസ്ഥാനത്ത് ചെറു മനസ്സുകളെ ഉണർത്താനും, ഉയർത്താനും നമ്മുടെ കൊച്ചുമക്കൾക്ക് അവസരം നൽകുന്നതിനെ ഓർത്തും, അതിനോട് ഹൃദയപൂർവ്വം സഹകരിക്കുന്ന ഓരോ വിദ്യാർത്ഥിനിയുടെയും ജ്ഞാനതൃരയെ ഓർത്തും സന്തോഷിക്കുന്നു. ചെറുപുഷ്പം ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ മിടുക്കികളായ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥിനികളുടെ ഇ–മാഗസിന് സർവ്വ പിന്തുണയും നൽകുന്നതോടൊപ്പം എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

വൈസ് പ്രിൻസിപ്പാൾ
സി ശോഭാ റോസ് സി എച്ച് എഫ്
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി


# ജ്യോതിർഗോളമായ് ജ്വലിച്ചുനിൽക്കുന്ന ഗുരുചരണങ്ങളിൽ പ്രണാമം......!!




# അകംപൊരുൾ

പൊട്ടാത്ത പട്ടം........17
വിശുദ്ധ മറിയം ത്രേസ്യ–........18
എൻ വർണങ്ങള്........22
സ്റ്റൈൽ പ്ലീസ്........23
പട്ടം........25
ഓരോരോ പുണ്യങ്ങൾ........26
പഠനം എളുപ്പമക്കിയ കമ്പ്യൂട്ടർ........29
പങ്കായമെറിഞ്ഞു പകരം വീട്ടിയവർ........30
ഫെയ്സ്ബുക്കിന് യഥാർത്ഥത്തിൽഫെയ്സുണ്ടോ ?........31
മഴ........33
സൈബർ യുഗത്തിലെ വെല്ലുവിളികൾ........34
കുടുംബം – ഒരു സ്നേഹവാതായനം........38
കൃഷിക്കാരനും അയാളുടെ മക്കളും........39
ജീവിതം........40
അഭിനന്ദനങ്ങൾ...........!!........41
തേങ്ങൽ ........43
ഇന്റർനെറ്റ് യുഗം........45
ഓർമ്മത്താളുകൾ........46
ചാട്ടക്കാരൻ ചേട്ടൻ........47
പുസ്തകങ്ങൾ കൂട്ടുകാർ........48
പ്രണയം........49
അമ്മ........49
പ്രതിസന്ധികളിൽ ഒരു പ്രയാണം........50
നെഞ്ചിലെ തീക്കനൽ........52
ന്യൂ ജനറേഷൻ പഴഞ്ചൊല്ലുകൾ........55
എന്റെ മാലാഖ........56
ലിറ്റിൽ കൈറ്റ്സ് കർമ്മ വീഥിയിലൂടെ........57
എന്റെ അമ്മയെ സ്മാർട്ടാക്കാൻ........60
എന്റെ ഗുരുനാഥൻ........62
പ്രതീക്ഷയുടെ പൊൻപുലരി........63
പ്രളയം........64
ബലൂൺ........65
രക്ഷിതാക്കൾക്കും വേണം........66
മാറേണ്ട ലോകം........67
സുവർണ്ണാവസരങ്ങൾ........68
പാട്........70
ഗിത്താർ........71
അനുഭവം ഗുരു........72
ഇന്ത്യാനെറ്റ്........73
അമ്മ........74
പഴഞ്ചൊല്ലുകൾ........75
കാഴ്ച്ചകൾ........76
കൃഷി മൊഴികൾ........77
ചിരിക്കാൻ.... രസിക്കാൻ........78
പ്രതീക്ഷ........80
മൂന്നാമന്റെ ഭാവന........81

മാതൃസ്നേഹം.......................................................................................82
മഹത് വചനങ്ങൾ..................................................................................83
സാഹിത്യമെ ,നമ്മൾ..............................................................................84
ഗുരുദേവസൂക്തങ്ങൾ...........................................................................85
സൗഹൃദം.............................................................................................86
കൃഷിയിലെ കുഞ്ഞുണ്ണി........................................................................87
എന്റെ കവിത........................................................................................88
എന്റെ ലോകം– എൻ അമ്മ.....................................................................89
കൃതജ്ഞതാമലരുകൾ............................................................................91

# പൊട്ടാത്ത പട്ടം



പൊട്ടുവാനായി പിറന്നവൻ പട്ടം
പൊട്ടുപോലെ പറക്കുമീവാനിൽ
എത്രദൂരം പറന്നാലുമന്ത്യം
പൊട്ടിവീഴുന്നു മണ്ണിന്റെ നെഞ്ചിൽ

പൊതുവിദ്യാലയങ്ങളിലുണ്ടൊരുപട്ടം
പൊട്ടാത്ത പുത്തനാം പട്ടം
ലിറ്റിൽകൈറ്റ്സെന്നൊരു പേരിലിവർ
ചലിക്കുന്നു വിദ്യാലയത്തുടിപ്പിനൊപ്പം


വിരൽത്തുമ്പിൽ ചരടില്ല മൗസാണത്രേ!
പലതും വരച്ചും കുറിച്ചുമിവർ
സാന്നിധ്യമറിയിച്ചുലോകമെങ്ങും
പാരിൽ പറക്കുന്നു പക്ഷികളായ്

ഇക്കലാലയത്തിനഭിമാനമായി
മാറുമീ ഹൈ-ടെക് കുരുന്നുകളെ...
പുത്തനാമറിവിന്റെ സങ്കേതങ്ങൾ
സർവ്വമാർജ്ജിച്ചെന്നും മുന്നേറുക!



സി ആർഷ
എച്ച് എസ് ടി മലയാളം
(കൈറ്റ് മിസ്ട്രസ്സ്)
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി

# വിശുദ്ധ മറിയം ത്രേസ്യ- സ്വർഗത്തിന്റെ കയ്യൊപ്പുള്ള മഴവില്ല്........



ആകാശ നീലിമയ്ക്കുമേൽ ഇടയ്ക്കിടെ തെളിയുന്ന ദൈവത്തിന്റെ കയ്യൊപ്പാണ് മഴവില്ല്. ഓരോ കയ്യൊപ്പും അതിനു മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് ആധികാരികത നൽകുന്നുണ്ട്. അതെ, ദൈവം സ്നേഹപ്പൂർവ്വം അംഗീകാര മുദ്രചാർത്തിയ മഴവില്ലാണ് വിശുദ്ധ മറിയം ത്രേസ്യ! മഴത്തുള്ളികളുടെ മനസ്സാണ് മഴവില്ല് ചമയ്ക്കുന്നത്. വർണ്ണങ്ങളൊന്നുമില്ലാതെ, തന്നിലേക്കെത്തുന്ന ഇത്തിരി വെട്ടത്തെ നെഞ്ചേറ്റി വർണ്ണം ചാർത്തിക്കുവാൻ ഓരോ മഴത്തുള്ളിയും മനസ്സൊരുക്കുന്നിടത്ത്, ദൈവം അതിന്റെമേൽ എന്റെ കയ്യൊപ്പിടുന്നു. ജോർദ്ദാ[1]ന്റെ തീരങ്ങളിൽ വിരിഞ്ഞ മഴവില്ലുപോലെ പുത്തൻചിറയിൽ തെളിഞ്ഞ മഴവില്ലിനെ നോക്കി ദൈവം മന്ത്രിക്കുന്നു: ‘ഇവൾ എന്റെ പ്രിയപുത്രിയാകുന്നു; ഇവളിൽ ഞാൻ സംപ്രീതനായിരിക്കുന്നു.’

പുത്തൻചിറയിലെ പുരാതന തറവാടായ ചിറമ്മൽ മങ്കിടിയാൻ കുടുംബത്തിൽ 1876 ഏപ്രിൽ 26-ന് തോമൻ-താണ്ട ദമ്പതികളുടെ തൃതീയ സന്താനമായി ജനിച്ച ത്രേസ്യയ്ക്ക് താരാട്ടു പാട്ടിന്റെ ഈണത്തോടൊപ്പം ദൈവസ്നേഹത്തിന്റെ അമൃത് ചാലിച്ചു കൊടുത്ത അമ്മ കുഞ്ഞു ത്രേസ്യയുടെ കാതിൽ മന്ത്രിച്ചു "എന്റെ മകൾ ദൈവത്തിന് ഇഷ്ടപ്പെട്ട കുഞ്ഞായി വളരണം, ഈശോയെ സ്നേഹിക്കണം, നമുക്കുവേണ്ടി ഈശോ ഒരുപാട് സഹിച്ചിട്ടുണ്ട്, ആ പീഢകൾ നീ ഓർക്കണം." അമ്മയുടെ ഈ വാക്കുകൾ ദൈവത്തെ അറിയാനുള്ള അവളുടെ തൃഷ്ണയെ ഉത്തേജിപ്പിച്ചു. അവൾ തന്നെ അമ്മയോട് ചോദിക്കുന്നുണ്ട് "ആരാണ് ബാവ, ആരാണ് പുത്രൻ, ആരാണ് റൂഹാദ്ക്കുദിശ." ഈ അന്വേഷണം പുത്രൻതമ്പുരാന്റെ പീഡാസഹനങ്ങളെ സ്വന്തം ജീവിതത്തിലേക്ക് ഏറ്റു വാങ്ങുവാൻ, യേശുവിന്റെ ക്രൂശിത മുഖം ഒപ്പിയെടുക്കുവാൻ നന്നേ ചെറുപ്പത്തിൽ തന്നെ അവളെ ഒരുക്കുകയായിരുന്നു.

ചെറുപ്പത്തിൽ തന്നെ ജപമാല മണികളിലൂടെ, കൈകൾ ചലിച്ച ത്രേസ്യക്ക് പരിശുദ്ധ അമ്മയോട് സവിശേഷ ഭക്തിയുണ്ടായിരുന്നു. സ്വന്തം അമ്മയുടെ ആകസ്മികവേർപാടിൽ മനംനൊന്ത ത്രേസ്യ ശിശുസഹജമായ ആശ്രയബോധത്തോടെ പരിശുദ്ധ അമ്മയുടെ അരികിൽ പോയി മന്ത്രിച്ചു: "പരിശുദ്ധ അമ്മേ, അമ്മ എന്റെ അമ്മയായിരിക്കേണമേ. ഞാനെന്നും മകളെപ്പോലെ വ്യാപരിച്ചുകൊള്ളാം." കുഞ്ഞുത്രേസ്യയുടെ ഹൃദയം നുറുങ്ങിയ പ്രാർത്ഥന പരിശുദ്ധ അമ്മ ഹൃദയപൂർവ്വം സ്വീകരിച്ചുവെന്നത് അവളുടെ ജീവിതത്തിൽ ഉടനീളം കാണാമായിരുന്നു.

1 അറബ് രാജ്യത്തിലെ നദി

ഇളം പ്രായത്തിൽതന്നെ ക്രൂശിതനോടുള്ള ഗാഢബന്ധത്തിൽ നിമഗ്നയായ ത്രേസ്യ തന്നെതന്നെ സമ്പൂർണ്ണ അർപ്പണം ചെയ്യാൻ കൊതിച്ചു. കുടുംബാന്തരീക്ഷത്തിൽ നിന്ന് അകന്ന് ഏകാന്തതയിൽ ദൈവത്തോടൊപ്പം ആയിരിക്കാൻ കൊതിച്ച അവൾ വനാന്തരങ്ങളിൽ പോയി താപസജീവിതം നയിക്കാൻ ആഗ്രഹിച്ചുവെങ്കിലും ദൈവതിരുമനസ്സ് അതല്ല എന്ന് കണ്ട് തന്റെ ഉദ്യമത്തിൽ നിന്ന് പിൻമാറി അമ്പഴക്കാട്ടുള്ള കർമ്മലീത്ത മഠാതിപയെ കണ്ട് തന്റെ ആഗ്രഹം അറിയിച്ചു. 150 രൂപ പത്രമേനി[2]യായി കൊടുക്കുവാൻ അവർ ആവശ്യപ്പെട്ടു. പണത്തിനായി അമ്മവീടായ തുറവൂർ മംഗലിതറവാടിനെ സമീപിച്ചുവെങ്കിലും അവർ അതു നിരസിച്ചു. പകരം ത്രേസ്യക്കുവേണ്ടി എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കാമെന്ന് അവർ വാഗ്ദാനം ചെയ്തു. "സമ്പത്തിനും, സൗകര്യത്തിനും വേണ്ടിയല്ല താൻ കന്യകാലയജീവിതം ആഗ്രഹിച്ചതെന്നും സമാധാനത്തോടെ ദൈവത്തെ സ്നേഹിച്ച് ജീവിക്കുന്നതിനാണ് താൻ ഇത്രത്തോളം ബുദ്ധിമുട്ടി ഇങ്ങോട്ട് വന്നതെന്നും" പറഞ്ഞ ത്രേസ്യ ദൈവതിരുമനസ്സിന് വിധേയപ്പെട്ട് വീട്ടിലേക്ക് തിരിച്ചുപോന്നു. എല്ലാവാതിലുകളും അടഞ്ഞപ്പോഴും പ്രാർത്ഥനയിലും ഭക്തകൃത്യങ്ങളിലും, കുടുംബശുശ്രൂഷയിലും മുഴുകി പ്രശാന്തമായ മനസ്സോടെ ത്രേസ്യ വീട്ടിൽതന്നെ തുടർന്നു.

ദൈവത്തിന്റെ ശക്തമായ ഇടപെടലുകൾ ത്രേസ്യയുടെ ജീവിതത്തിൽ അനുസ്യൂതം തുടർന്നുകൊണ്ടേയിരുന്നു. 1902–ഏപ്രിൽ 30–ാം തീയതി പുത്തൻചിറ ഇടവകവികാരിയായി നിയമിതനായ ബഹു ജോസഫ് വിതയത്തിലച്ചനെ തന്റെ ആത്മ നിയന്താവായി ത്രേസ്യ സ്വീകരിച്ചു. ദൈവത്തോട് ഗാഢബന്ധം പുലർത്തിയിരുന്ന ത്രേസ്യയ്ക്ക് പൈശാചിക പ്രലോഭനങ്ങളെയും നേരിടേണ്ടിവന്നു. തപസ്സും പ്രായശ്ചിത്തവും ആത്മപിതാവിന്റെ ഉപദേശങ്ങളും ഇത്തരം പ്രലോഭനങ്ങളെ അതിജീവിക്കാൻ ത്രേസ്യയ്ക്ക് കരുത്തു നൽകി. 1904 ഓഗസ്റ്റ് 15–ാം തീയതി കർത്താവ് തന്റെ ഹൃദയം ത്രേസ്യയ്ക്ക് സമ്മാനിച്ചു. കൂടെക്കൂടെയുള്ള തിരുകുടുംബ ദർശനങ്ങൾ ത്രേസ്യയുടെ ആത്മീയ ജീവിതത്തിന് ഉണർവ് നൽകി. 1904 ഡിസംബർ 8–ാം തീയതി പരിശുദ്ധാ കന്യകാ മറിയം ത്രേസ്യയ്ക്ക് മറിയം–ത്രേസ്യ എന്ന പേര് നൽകി.

കർത്താവിന്റെ പീഡാനുഭവങ്ങളെ ഹൃദയത്തോട് ചേർത്ത് വച്ച ത്രേസ്യയ്ക്ക് 1909 ജനുവരി 27–ാം തീയതി ഈശോ പഞ്ചക്ഷതങ്ങൾ സമ്മാനിച്ചു. ഇങ്ങനെയിരിക്കെ അമ്പഴക്കാട് കർമ്മലീത്ത മഠം സന്ദർശിച്ച അഭിവന്ദ്യ യോഹന്നാൻ മേനാച്ചേരി പിതാവിനെകണ്ട് കന്യകാലയത്തിൽ ചേരാനുള്ള തന്റെ ആഗ്രഹം ത്രേസ്യ അറിയിച്ചു. ഒല്ലൂരുള്ള കർമ്മലീത്താ മഠത്തിൽ പോയി താമസിക്കാനുള്ള കൽപ്പന, നിറഞ്ഞ സന്തോഷത്തോടെയാണ് ത്രേസ്യ സ്വീകരിച്ചത്. ആത്മീയ പിതാവും കുടുംബാംഗങ്ങളും നാട്ടുകാരും ചേർന്ന് ത്രേസ്യയെ ഒല്ലൂർ മഠത്തിലേക്ക് യാത്രയാക്കി. അവിടെ അർത്ഥിനികൾക്ക് പരിശീലനം കൊടുത്തിരുന്ന് സി എവുപ്രാസിയ (വി എവുപ്രാസ്യാമ്മ)യായിരുന്നു ത്രേസ്യയ്ക്കും പരിശീലനം കൊടുത്തിരുന്നത്. ത്രേസ്യയുടെ സ്വഭാവമഹിമയും തീക്ഷ്ണമായ പ്രാർത്ഥനയും, പഞ്ചക്ഷതാനുഭവങ്ങളും കണ്ട് ബോധ്യപ്പെട്ട സിസ്റ്റേഴ്സ് ത്രേസ്യയെ കർമ്മലീത്താ മഠത്തിൽ ചേർക്കാനാഗ്രഹിച്ചു. ദൈവത്തിന്റെ വഴികൾ എത്ര നിഗൂഢം. ഒരു കർമ്മലീത്താ സന്യാസിനിയാവുകയെന്നതല്ല തന്റെ ദൈവവിളിയെന്നു തിരിച്ചറിഞ്ഞ ത്രേസ്യ അക്കാര്യം തന്റെ ആത്മീയപിതാവിനോട് തുറന്ന് പറഞ്ഞു. ഈ സമയം പുത്തൻചിറ നാട്ടുകാർ ത്രേസ്യയെ കൊണ്ടുവരാനുള്ള നിവേദനവുമായി ഒല്ലൂരിലെത്തി.

2 സന്യാസാശ്രമത്തിൽ അർത്ഥിനിയായി ചേരുന്ന വ്യക്തിക്ക് സ്വഭവനത്തിൽ നിന്ന് ലഭിക്കുന്ന ഓഹരി.

ത്രേസ്യയുടെ ആഗ്രഹം അവളുടെ ആത്മീയ പിതാവ് മെത്രാനച്ചൻ തിരുമേനിയെ അറിയിക്കുകയും അദ്ദേഹം ത്രേസ്യയെ പുത്തൻചിറയിലേക്ക് പോകാൻ അനുവദിക്കുകയും ചെയ്തു.

ഏകാന്തതയിൽ ദൈവത്തോടൊത്ത് ആയിരിക്കുന്നതിനുള്ള ത്രേസ്യയുടെ ഒടുങ്ങാത്ത ആഗ്രഹം തിരിച്ചറിഞ്ഞ ആത്മീയ പിതാവ് 1913–ൽ ഒരു ഏകാന്തഭവനം പുത്തൻചിറയിൽ ത്രേസ്യയ്ക്കായി പണികഴിപ്പിച്ചുകൊടുത്തു. ഈ ഭവനമാണ് പിന്നീട് തിരുക്കുടുംബ സന്ന്യാസിനി സമൂഹത്തിന്റെ പ്രഥമഭവനമായി മാറിയത്. കുടുംബങ്ങൾക്കു വേണ്ടി ഒരു സന്ന്യാസിനി സമൂഹം എന്ന ത്രേസ്യയുടെ ചിരകാല സ്വപ്നം 1914 മെയ് 14–ാം തീയതി പൂവണിഞ്ഞു. തദവസരത്തിൽ തൃശ്ശൂർ അപ്പസ്തോലിക മാർയോഹന്നാൻ മേനാച്ചേരി പിതാവ് തന്റെ ചുറ്റും നിൽക്കുന്ന ജനങ്ങളെ നോക്കി പറഞ്ഞു. "ഒരു സന്തോഷ വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ത്രേസ്യയ്ക്കും, ത്രേസ്യയെപ്പോലുള്ളവർക്കുമായി ഒരു പുതിയ സന്ന്യാസിനീസഭ ഇവിടെ രൂപം കൊള്ളുകയാണ് -തിരുകുടുംബ സഭ."


തിരുകുടുംബ സഭയാകുന്ന തൈച്ചെടി വളർന്ന് ശാഖോപശാഖകൾ വീശാൻ തുടങ്ങി. അമ്മയുടെ സുകൃതജീവിതം കണ്ട് അനേകം യുവതികൾ തിരുക്കുടുംബസഭയിലേക്ക് ആകർഷിതരായി. പുതുതായി വന്ന സഹോദരിമാർക്ക് താമസ സൗകര്യത്തിനായി ബഹുമാനപ്പെട്ട അമ്പൂക്കൻ യോഹന്നാൻ അച്ചൻ കുഴികാട്ടുശ്ശേരിയിൽ നൽകിയ സ്ഥലത്ത് 1922–ഏപ്രിൽ 17–ാം തീയതി പുതിയ ഭവനവും പ്രൈമറി സ്ക്കൂളും ആരംഭിച്ചു. കുടുംബ ശുശ്രൂഷയും വിദ്യാഭ്യാസ പ്രേഷിതത്വവും സമന്വയിപ്പിച്ചുകൊണ്ടുപോയ അമ്മ 1926–മെയ് 10–ാം തീയതി തുമ്പൂരിൽ മറ്റൊരു ഭവനം ആരംഭിച്ചു. ഭവനത്തിന്റെ ആശിർവാദ കർമ്മത്തിലും, സഹോദരിമാരുടെ സഭാവസ്ത്രസ്വീകരണത്തിലും പങ്കുകൊണ്ട് മദുബഹയുടെ അരികിൽ നിന്നിരുന്ന അമ്മയുടെ കാലിൽ ക്രാസിക്കാൽ വീണ് വലിയ മുറിവുണ്ടായി. അമ്മയുടെ കാലിൽ അസഹ്യമായ വേദനയും നീരും കൂടികൂടി വന്നു. അന്നുവരെ ആരും അറിയാതിരുന്ന പ്രമേഹരോഗം മൂലം കാല് ഡോക്ടർമാർ ശസ്ത്രക്രിയ നടത്തിയെങ്കിലും രക്ഷയില്ലാതെ കുഴിക്കാട്ടുശ്ശേരി മഠത്തിലേക്ക് തിരികെ കൊണ്ടുപോന്നു.

1926–ജൂൺ 8-ാം തീയതി അലൗകികമായ പ്രഭാപൂരത്തോടെ ആ പാവനാത്മാവ് കുടുംബങ്ങളുടെ അമ്മ ഈ ലോകത്തിൽനിന്നു യാത്രയായി. അനേകം കുടുംബങ്ങളിലേക്ക് വിശുദ്ധിയുടെ പരിമളം പരത്തിയ മദർ മറിയം ത്രേസ്യയുടെ മദ്ധ്യസ്ഥതയാൽ ധാരാളം അനുഗ്രഹങ്ങൾ അനേകം വ്യക്തികളിലേക്കും, കുടുംബങ്ങളിലേക്കും വർഷിക്കാൻ ദൈവപിതാവ് തിരുമനസ്സായി. 1973–ഒക്ടോബർ 5-ാം തീയതി മദർ മറിയം ത്രേസ്യയുടെ നാമകരണ പരിപാടികൾ ആരംഭിച്ചു. 1999–ജൂൺ 28–ാം തീയതി ദൈവദാസി മദർ മറിയം ത്രേസ്യാ 'ധന്യ' എന്ന് വിളിക്കപ്പെട്ടു. 2000–ഏപ്രിൽ 9–ാം തീയതി കുടുംബങ്ങളുടെ അമ്മയായ 'ധന്യ' മറിയം ത്രേസ്യായെ വാഴ്ത്തപ്പെട്ടവരുടെ പദവിയിലേക്ക് പരിശുദ്ധ പിതാവ് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ഉയർത്തി. വീണ്ടും നീണ്ട 19 വർഷങ്ങൾക്കുശേഷം 'പാവങ്ങളുടെ പാപ്പ' യെന്നറിയപ്പെടുന്ന ഫ്രാൻസിസ് മാർപാപ്പ 2019–ഒക്ടോബർ 13–ന് റോമിൽ വച്ച് ഈ പുണ്യ ചരിതയെ വിശുദ്ധരുടെ ഗണത്തിലേക്കുയർത്തി. കുടുംബങ്ങളുടെ കണ്ണുനീർ കാണുന്ന അമ്മയുടെ മാദ്ധ്യസ്ഥം തേടി ഇന്നുമനേകായിരങ്ങൾ

കുഴിക്കാട്ടുശ്ശേരിയിലെ കബറിടത്തിൽ വന്ന് പ്രാർത്ഥിക്കുന്നു. വിശുദ്ധ മറിയം ത്രേസ്യായുടെ ആത്മീയപിതാവായ <u>വിതയത്തിലച്ചൻ</u> 1964-ൽ അമ്മയുടെ ചരമദിനമായ ജൂൺ 8-ാം തീയതി തന്നെ സ്വർഗ്ഗഗേഹം പൂകി എന്നത് ദൈവപരിപാലനയുടെ നിതാന്ത ദൃഷ്ടാന്തമായി നിലകൊള്ളുന്നു.



ശ്രീമതി ഷീജ റോബർട്ട്
എച്ച് എസ് ടി ഇംഗ്ലീഷ്
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി



# എൻ വർണങ്ങൾ

മഴവില്ലിൻ ഏഴുവർണങ്ങൾ

ജീവിതരാഗമായ് കുളിരണിയിക്കുന്നു.
ദുഃഖവീഥിയിൽ പ്രതീക്ഷകളായ്
എത്തിനോക്കിയ പ്രിയസഖിയായ്.
കൺകുളിർക്കെ കണ്ടു നിന്നെ
കണ്ണിമ വെട്ടാതെ ദൂരെ നിന്നു ഞാൻ
മായാതെ മറയാതെ നിലകൊള്ളുവാൻ
ആശിച്ചുപോയി നിൻ ദർശനം.
നിമിഷങ്ങളിൽ നീ നൽകിയ ആനന്ദം
ഒരു നൂറ്റാണ്ടിൻ സൗന്ദര്യമായ്
പറന്നകലുകയാണോ നീ ?
ഒരു വാക്കുപോലും മിണ്ടാതെ.
മഴത്തുള്ളികൾ മഴയായ് പെയ്തിറങ്ങുമ്പോൾ
എത്തും ഞാൻ നിന്നെ ഒന്നു കാണാൻ
എൻ മിഴിയിൽ നിൻ നിറങ്ങൾ
ചാലിച്ചെഴുതിയാൽ ഞാൻ കൃതാർത്ഥയായ്.



മിസ് അനീറ്റ മരിയ ജോർജ്
ബി എഡ് ട്രെയിനി

# സ്മൈൽ പ്ലീസ്

ഹാസ്യ സാമ്രാട്ടായ ചാർലി ചാപ്ലിന്റെ വാക്കുകളോടെ ഈ കുറിപ്പിനു തുടക്കം കുറിക്കാം. അദ്ദേഹം പറഞ്ഞു: "എന്റെ ജീവിതത്തിൽ നിരവധി പ്രശ്നങ്ങളുണ്ട്. പക്ഷേ അതൊന്നും എന്റെ ചുണ്ടുകൾ അറിയില്ല; അതെപ്പോഴും പുഞ്ചിരി പൊഴിക്കും." പുഞ്ചിരി വിടരുന്ന മുഖം കാണുമ്പോൾ മനസ്സിൽ സന്തോഷത്തിന്റെ പൂത്തിരികത്തും. മുഖത്ത് കാർമേഘമാണെങ്കിലോ? മറ്റുള്ളവരുടെ സന്തോഷത്തിനുപോലും മങ്ങലേക്കും.

ഫോട്ടോ സെഷൻ നമുക്ക് പരിചിതമാണ്. ചരിഞ്ഞും, നിവർന്നും, ഇരുന്നും വിവിധ പോസുകൾ. തുരുതുരാ ഷോട്ടുകൾക്ക് ക്യാമറക്കണ്ണ് തുറന്നടയും. ഓരോ ക്ലിക്കിനും മുന്നോടിയായി സുപരിചിതമായ നിർദ്ദേശം: "സ്മൈൽ പ്ലീസ്." ചിലപ്പോൾ ഫോട്ടോഗ്രാഫറുടെ നെറ്റിച്ചുളിയുന്നതും ദേഷ്യം വരുന്നതും കണ്ടിട്ടുണ്ട്. എത്ര പറഞ്ഞാലും ചിലർക്കൊന്നും പുഞ്ചിരിതൂകാൻ സാധിക്കണ്ടേ. വളരെ പാടുപെട്ടായിരിക്കും ചിലർ എവിടെ നിന്നോ കടമെടുത്ത ഒരു ചിരി ചുണ്ടുകളിൽ വെയ്ക്കുന്നത്. വലിച്ചാൽ നീളുന്നതും വിട്ടാൽ പൂർവ്വസ്ഥിതി പ്രാപിക്കുന്നതുമായ ഒരു യാന്ത്രികചിരി. പെട്ടെന്ന് അധരങ്ങൾ വിടരുകയും ക്ഷണനേരം കൊണ്ട് വാടിക്കുമ്പിയ പൂ പോലെയാവുകയും ചെയ്യും ഇത്തരം ചിരികൾ.

ഉള്ള് തുറന്ന ചിരിയിൽ ഉള്ളിൽ സന്തോഷമുണ്ടാകണം, നന്മയുണ്ടാകണം, സ്നേഹമൊഴുകും ഹൃദയമുണ്ടാകണം. ആത്മാർത്ഥതയുള്ള പുഞ്ചിരിക്ക് വംശനാശം വരുന്നുണ്ടോ എന്നൊരു സംശയം. ആത്മാർത്ഥമായ ചിരി ജീവാമൃതമാണ്, അനുഗ്രഹമാണ്. ഇത് ചിലർക്ക് അത്ര എളുപ്പമല്ല. സന്തോഷത്തോടും സൗമ്യതയോടും കൂടിയുള്ള ഇടപഴകലാണ് സൗഹൃദങ്ങൾക്ക് ഇടം നൽകുന്നതും ഇഴ പാകുന്നതും.

മധുരമായ പുഞ്ചിരി വ്യക്തിത്വത്തിന്റെ പ്രതിഫലനമാണ്. അത് ബന്ധങ്ങളിൽ ഉണർവ്വും ഊഷ്മളതയും ഉളവാക്കും. അതുകൊണ്ട്, കാണുമ്പോൾ മുഖം കറുപ്പിക്കാതെ കനപ്പിക്കാതെ നമുക്കൊന്നു പുഞ്ചിരിക്കാം. നേരെ മുമ്പിൽ വരുന്നത്

ശത്രുവാണെങ്കിലും ഒന്നുചിരിക്കാം. ഒന്നും നഷ്ടപ്പെടാനില്ല, ഒത്തിരി നേടാനാകും. സാന്ത്വനവും സൗഹൃദവും, സന്തോഷവും ചിരി പ്രദാനം ചെയ്യും.

ചിരിയുടെ സൗന്ദര്യം നുകരാം. ചിരിയുടെ സൗരഭ്യം പകരാം – "സ്മൈൽ പ്ലീസ്......"



ശ്രീമതി ധനിഷ എസ്

എച്ച് എസ് ടി സംസ്കൃതം

ചെറുപുഷ്പം ജി എച്ച് എസ് എസ്

വടക്കഞ്ചേരി

' വരൾച്ച ഒരു ഓർമപ്പെടുത്തലാണ്. സംലഭ്യതകൊണ്ട് നിസ്സാരമെന്നും അർത്ഥരഹിതമെന്നും കരുതിയതൊക്കെ അവിഭാജ്യഘടകങ്ങളായിരുന്നു എന്ന പ്രകൃതിയുടെ ഓർമ്മപ്പെടുത്തൽ......'

# പട്ടം

പൊന്തിപറന്ന
പരീതിന്റെ പട്ടം
പതിയെ താഴ്ന്ന്
പൊന്തയിൽ കുരുങ്ങി....

പക്കത്തു നിന്നൊരു
പയ്യനെ നോക്കി
പഹയന്റെ പിരാക്കെന്ന്
പിള്ളേര് പറഞ്ഞു.

പിച്ചാ മൊല്ലാക്കയെ കണ്ട്
പരുത്തിനീൽ മന്ത്രിച്ച്
പുതിയൊരു പട്ടം
പറത്തി പരീത്.

പടിഞ്ഞാറൻ കാറ്റ്
പാടത്തേക്കടിച്ചപ്പോൾ
പട്ടം പരുന്ത് പോൽ പറന്നു,
പിന്നാലെ മൊല്ലാക്കയും.



അനശ്വര പി
9 ബി

# ഓരോരോ പുണ്യങ്ങൾ

ഓരോ ദിവസവും നേരം വെളുക്കല്ലേന്നാ പ്രാർത്ഥന. വീർത്തു വരുന്ന വയറിൽ നോക്കുമ്പോൾ അങ്കലാപ്പ് വർദ്ധിക്കുന്നു. കമ്പനിയിൽ വരുന്ന ശിഖയാണ് പറഞ്ഞത്. ബീഡി തെറുപ്പാ[3]ണെങ്കിൽ വീട്ടിലിരുന്ന് ചെയ്യാമെന്ന്. "ചേച്ചി, ഈ വയറും വച്ച് ഇങ്ങനെ അലയുന്നത് ശരിയല്ല" എന്ന ഒരു കല്യാണം പോലും കഴിക്കാത്ത അവളുടെ കമന്റിലും കാര്യമുണ്ട്. പക്ഷേ നാലെണ്ണത്തിന്റെ വയറു നിറയ്ക്കേണ്ടേ. അഞ്ചാമത്തെ സമ്മാനിച്ച് പോയതല്ലേ, ഓർക്കുമ്പോൾ നെഞ്ചു പിടക്കുന്നു.

കോളേജിൽ വല്യ രാഷ്ട്രീയം കളിച്ച്, ജാഥകളുടെ മുന്നിൽ മീശ പിരിച്ച്, രണ്ടു വിരലുകൾക്കിടയിൽ മുണ്ടിന്റെ തല ഉടക്കി, വായുവിൽ പ്രഹരിച്ച് നീങ്ങുന്ന ചോരത്തിളപ്പുള്ള ചെറുപ്പക്കാരൻ. വീട്ടിലെ കഷ്ടപ്പാടുകൾക്കിടയിൽ നിന്ന് ആകെയുള്ള രണ്ട് ദാവിണി കഴുകി വൃത്തിയാക്കി, കഞ്ഞി മുക്കി, ഉണക്കി, മടക്കി, തലേന്ന് തലയിണയ്ക്കടിയിൽ വച്ച്, പിറ്റേന്ന് ഭംഗിയായി ഉടുത്ത്, ഈറനണിഞ്ഞ തലമുടിയിൽ തുളസിക്കതിർ ചൂടി പുസ്തകവും മാറത്തടുക്കി നീങ്ങുന്ന തന്റെ കൺകോണുകളിൽ എങ്ങനെ ഉടക്കിയെന്നറിയില്ല. ഉള്ളിൽ നേരിയ ഭയമുണ്ടെങ്കിലും അയാൾ വരുന്നതു കാണാൻ നല്ല ചേലായിരുന്നു. പഠിച്ച്, നല്ലൊരു ജോലി നേടി വീടിനെ സംരക്ഷിക്കണമെന്ന ആദർശങ്ങൾ എന്നോ കാറ്റിൽ പറന്നു പോയി.

കോളേജിലെ കലോത്സവദിവസം വൈകി തനിയെ വീട്ടിലേക്കു പോകുമ്പോഴാണ്, പെട്ടെന്ന് ഒരു കൈ തന്റെ തോളിൽ വീണത്. രക്ഷപ്പെടാനുള്ള തത്രപ്പാടിൽ പുളയുന്ന തന്റെ മുന്നിൽ രക്ഷകൻ, ബലിഷ്ഠമായ കൈകൾകൊണ്ട് പിടിച്ചുമാറ്റി "തനിയെ ഉള്ളവെങ്കിൽ ഇരുട്ടുന്നതിനുമുമ്പ് വീട്ടിൽ പോകണ്ടേ" എന്ന ഗർജ്ജനസ്വരം കേട്ടത്.

പെട്ടെന്ന് നൂൽ പാവു നെയ്തുകൊണ്ടിരുന്ന മെഷീനിൽ വിരൽ ഉടക്കി, "ങ്ഹാ!" എന്നൊരു ശബ്ദം ഉള്ളിൽ നിന്നുയർന്നു. "ചേച്ചീ, എവിടേയോ പോയി വന്നുല്ലേ". വിരൽ വായിൽ വച്ച് തുപ്പലാക്കി, ഉഴിഞ്ഞ് "ഒന്നുല്ല പെണ്ണേ, ഓരോരോ ഓർമ്മകൾ" എന്നു പറഞ്ഞ് ഒഴിഞ്ഞ് മാറി. രണ്ടു ദിവസമായി കമ്പനിയിലേക്ക് തന്നെ കാണാതെ, ശിഖ

3 ഇതൊരു നാടൻ പ്രയോഗമാണ്, വിസ്തൃതിയിലുള്ള ഒരു വസ്തുവിനെ ഒതുക്കി ചുരുട്ടുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

വീട്ടിലേക്ക് തേടി വന്നു. വരുമ്പോൾ അവളുടെ കൈയ്യിൽ ഒരു സഞ്ചിയിൽ കുറച്ച് അരിയും ചില്ലറ സാധനങ്ങളുമുണ്ടായിരുന്നു. വയറിന്റെ അസ്വസ്ഥത മൂലം കിടക്കുകയായിരുന്നു. "വലിയ വയറും താങ്ങിപ്പിടിച്ച് മെഷീന്റെ അടുത്ത് നിൽക്കാൻ വയ്യ. അതാ വരാഞ്ഞത്."

കുട്ടികൾ എല്ലാം സ്കൂളിൽ പോയിരുന്നു. "ഉച്ചക്കഞ്ഞി ഉള്ളതുകൊണ്ട് മുടങ്ങാൻ സമ്മതിക്കില്ല. കഞ്ഞി വയ്ക്കണ സരസു, ബാക്കി വന്നതിൽ നാലെണ്ണത്തിന്റെ പാത്രത്തിലും ആക്കിക്കൊടുത്തുവിടും. അതോണ്ടാ കഴിഞ്ഞുപോണേ. ഈ കുടിൽ കേറി കിടക്കാൻ ഉള്ളതുകൊണ്ട് വാടക പോകില്ല."

"ചേച്ചി,ഞാൻ പറഞ്ഞതു പോലെ ബീഡി തെറുപ്പ് നോക്കാം. പ്രസവത്തിന് ഇനീം ഒന്നര മാസം കൂടീണ്ടല്ലോ. എണീറ്റേ, പിള്ളേര് വരണേനുമുമ്പ് നമുക്കുപോയി സംസാരിച്ച്, അതിനുള്ള സാധനങ്ങളും വാങ്ങി വരാം. അല്ലേ, നിങ്ങളുടെ കാര്യം കഷ്ടത്തിലാകും..." "അതു ശരിയാ, മുദ്രാവാക്യം വിളിക്കുന്ന ബലിഷ്ഠമായ കരങ്ങൾ ചേർത്ത് പിടിച്ച് ഇറങ്ങി പോരുമ്പോൾ, അയാൾക്ക് അണികൾ കുറെ ഉണ്ടാകുമെന്നോർത്തില്ല. ഇനി ഈ കുട്ടിയെക്കൂടി,എനിക്കറിയില്ലീശ്വരാ......".

ഉച്ചസമയത്ത് ബീഡി തെറുത്ത് കൊണ്ട് വീട്ടിലിരിക്കുമ്പോഴാണ് പെട്ടെന്ന് വേദന വന്നത്. അതുവഴി എന്നും വരാറുള്ള മീൻകാരനാണ് ആദ്യം കണ്ടത്. വേഗം ജില്ലാശുപത്രിയിലെത്തിച്ചു. നല്ലൊരു പെൺകുഞ്ഞ്. ദയ തോന്നിയ മീൻകാരൻ ഭാര്യയെയും വിളിച്ചിട്ട് വന്നു. അവർക്ക് മക്കളില്ലായിരുന്നു. മൂത്തത്ങ്ങളെ സ്ക്കൂളിലയച്ചോളാമെന്ന് അവർ തന്നെയാ പറഞ്ഞത്. മൂന്ന് ദിവസം ആശുപത്രിവാസം. അയാളും ഭാര്യയും ഇടയ്ക്ക് വരും. എന്റെ മക്കളെ അവര് നല്ലപോലെ നോക്കണ്ണ്ട്. കുട്ട്യോൾക്കും ഒരുപാടിഷ്ടമായി. പിറ്റേ ദിവസം ഡിസ്ചാർജ്ജ് ചെയ്യുന്ന് ഡോക്ടർ പറഞ്ഞു. അന്ന് മീൻകാരനും ചേച്ചിയും വന്നപ്പോൾ ഒരാഗ്രഹം പറഞ്ഞു. വേറെ ഒരു വഴിയുമില്ലാത്ത ഞാനതിനു സമ്മതിച്ചു. നെഞ്ചുപൊട്ടുമ്പോഴും എവിടേങ്കിലും പോയി നന്നാവട്ടേന്നാണ് മനസ്സിലുണ്ടായിരുന്നത്.

ഓട്ടോയിൽ വന്ന് വീടിനു മുമ്പിൽ ഇറങ്ങി, പൈസ കൊടുക്കുമ്പോൾ അയൽവക്കക്കാർ ഓടി വന്നു."കുട്ടീ,"കുട്ട്യോൾ സ്ക്കൂളീന്നു വന്നിട്ടില്ലെന്നു നിർദ്ദയമായി പറഞ്ഞ് കുടിയിലേക്കു കയറി. "ഇതുവരെ തിരിഞ്ഞു നോക്കാത്തവരാണ്, മനുഷ്യനെ ജീവിക്കാൻ സമ്മയിക്കുല്ലാ."വീടിന്റെ മുമ്പിൽ വണ്ടി വന്നു നിൽക്കണ ശബ്ദം കേട്ട്, വന്ന് നോക്കിയപ്പോൾ പോലീസാണ്. കൺമുന്നിൽ തൂങ്ങിയാടുന്ന കൈവിലങ്ങ്.

അയൽവക്കക്കാരന്റെ പരോപകാരം. എല്ലാ സത്യങ്ങളും പറഞ്ഞു. വിശന്ന് വാവിട്ടു കരയണ കുഞ്ഞിന്റെ ഒച്ച, ദിഗന്തങ്ങൾ നടുക്കുന്നു. അവന്റെ വായിൽ ത്രിലോകങ്ങളും കൊള്ളും. പാലു വറ്റിയ മുലക്കണ്ണ് വായിലേക്ക് തിരുകാൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു. കുട്ട്യോള് വന്നാല് കഞ്ഞിവെള്ളമെങ്കിലും വായിലിറ്റിച്ചു കൊടുക്കായിരുന്നു.



ഡോ സി ആഗ്നൽ ഡേവിഡ്
എച്ച് എസ് എസ് ടി മലയാളം
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി

" സത്യം നക്ഷത്രങ്ങൾ പോലെയാണ്......
രാത്രിയുടെ തടസ്സങ്ങൾക്ക് പിന്നിലല്ലാതെ
അത് പ്രത്യക്ഷപെടുകയില്ല ...."

- ഖലിൽ ജിബ്രാൻ

# പഠനം എളുപ്പമക്കിയ കമ്പ്യൂട്ടർ

ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഇന്റർനെറ്റ് സ്ഥാനം നേടിക്കഴിഞ്ഞു. പഠനരംഗത്തും സ്ഥിതി വ്യത്യസ്തമല്ല. പുതുതലമുറയിലെ കുട്ടികൾ ഇന്റർ-നെറ്റ് യുഗത്തിൽ പിറന്നവരാണ്. അത് അവരുടെ പഠനകാര്യങ്ങളിലും പ്രതിഫലിക്കുന്നുണ്ട്. വിദ്യാഭ്യാസ രീതിയിലെ മാറ്റം ഇന്റർനെറ്റിന്റെ പ്രാധാന്യം കൂട്ടി. ധാരാളം പഠനപ്രവർത്തനങ്ങൾ കുട്ടികൾ സ്വയം ചെയ്യേണ്ടതുണ്ട്. ക്ലാസ്സ് വർക്കുകളും പ്രോജക്റ്റുകളുമായിട്ടായിരിക്കും കുട്ടികൾ വീട്ടിൽ തിരിച്ചെത്തുന്നത്. അവർക്ക് ആവശ്യമുള്ള വിവരങ്ങൾ പലപ്പോഴും പുസ്തകങ്ങളിൽ നിന്ന് ലഭിച്ചെന്ന് വരില്ല. ഇവിടെയാണ് ഇന്റർ-നെറ്റിന്റെ പ്രാധാന്യം. ഒരു ക്ലിക്കിൽ വിവരങ്ങളുടെ അനന്തലോകം കുട്ടികൾക്ക് മുന്നിൽ തെളിയുന്നു. ഇന്റർനെറ്റിൽ ലഭിക്കുന്ന അറിവുകൾ പഠനത്തെ എളുപ്പമുള്ളതാക്കി തീർക്കുന്നു.

മാതാപിതാക്കളും ഇന്റർനെറ്റിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞുകഴിഞ്ഞു. പഠിക്കുന്ന കുട്ടികൾക്ക് ഇന്റർനെറ്റ് അത്യാവശ്യമാണെന്ന് അവർക്കറിയാം. പഠന പ്രവർത്തനങ്ങളിൽ വേണ്ടത്ര സഹായിക്കാൻ അവർക്ക് പലപ്പോഴും കഴിഞ്ഞെന്നുവരില്ല. അത്തരം സന്ദർഭങ്ങളിലും ഇന്റർനെറ്റ് തന്നെയായിരിക്കും അവർക്ക് അവസാന ആശ്രയം......!!



ഷഹന തസ്ലീം എസ്
9 ഡി

# പങ്കായമെറിഞ്ഞു പകരം വീട്ടിയവർ

മുന്നറിയിപ്പുകളില്ലാത്ത
ചുഴലിക്കൊടുങ്കാറ്റിൽ
കടലെടുത്തവരോട്
കരുണ കാണിക്കാതെ
കണ്ണടച്ചവർ നമ്മൾ.

മുന്നറിയിപ്പുകളിലാത്ത
മഹാപ്രളയത്തിൽ
കണ്ണടച്ചുതുറക്കും മുമ്പേ
മുങ്ങിത്താഴ്ന്നതിനാൽ
വാവിട്ടുകരയാൻ പോലും
വയ്യാതെ വിറങ്ങലിച്ചവർ നമ്മൾ.

മീൻമണമുള്ളവരുടെ
മരണങ്ങളാവട്ടെ,
ചത്തമീനുകളെ നോക്കി
തെല്ലുനേരം നിന്നു
ചിരിയ്യൂറുന്നതുപോലെ
എത്ര നിസ്സാരമായിരുന്നു.

കടലെടുത്തവരെ
തിരികെത്തരുമോയെന്ന
കരളു നീറുന്ന
ചോദ്യമെത്തിയപ്പോൾ
കാതുകളാവട്ടെ,
കാരിരുമ്പിൽ തീർത്ത
വാതിലുകൾ പോലെയും.

കാലത്തിന്റെ
കാവ്യനീതിയെന്ന
കേവല കല്പനയ്ക്ക്
ഇത്ര വേഗമൊരു
പൂരണമെത്തുമെന്ന്
സ്വപ്നത്തിൽപോലും
നിനച്ചിരിക്കില്ല നമ്മൾ.

പങ്കായമെറിയുന്നവരുടെ
കടൽ മരണങ്ങളെ
ചേർത്തു വെക്കാൻ
ചങ്കിലൊരിടത്തു പോലും
ഇടമില്ലാതിരുന്നവർ നമ്മൾ.

ഉയിരു കൊത്തിപ്പറിക്കാൻ
കാറ്റു കലി കൊള്ളുമ്പോഴും
ഉടലു വിഴുങ്ങാൻ
ചുഴികറങ്ങിത്തിരിയുമ്പോഴും.

ഒറ്റയ്ക്കാണു നിങ്ങളെങ്കിലും
പ്രളയക്കലിയിൽപ്പെട്ടു
മുങ്ങിനിലവിളിച്ചവരെ
ഒറ്റപ്പെടുത്തിയില്ല നിങ്ങൾ.

മീൻമണമുള്ള മരണങ്ങളെ
മൂക്കത്തു വിരൽവെച്ചു

മനപ്പൂർവ്വം മറന്നവരെ
മറന്നതേയില്ല നിങ്ങൾ,
മഹാപ്രളയത്തിൽപ്പെട്ടു മുങ്ങിതാഴ്ന്ന
മുൻ പരിചയമില്ലാത്താവരെ
ഉയിരുകൊടുത്തും
വീണ്ടെടുക്കുമെന്നുറപ്പിച്ചവർ.

നിങ്ങൾ ഞങ്ങളുടെ
മഹാമറവികൾക്ക്
പരാതികളില്ലാതെ,
സ്നേഹത്തിന്റെ
പങ്കായമെറിഞ്ഞ്,
പകരം വീട്ടിയവർ
ശ്വാസത്തിൽ
കടൽക്കാറ്റുള്ളവർ.

സി ആർഷ
എച്ച് എസ് ടി മലയാളം
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി



# ഫെയ്സ്ബുക്കിന് യഥാർത്ഥത്തിൽ ഫെയ്സുണ്ടോ ?

മുഖമില്ലാത്ത സൗഹൃദങ്ങളുടെ കാലമാണിത്. ഇന്റർനെറ്റും, കമ്പ്യൂട്ടറും, സ്മാർട്ട് ഫോണുമൊക്കെയായി ജീവിതം പണ്ടുള്ളതിനെക്കാൾ കൂടുതൽ സജ്ജീവമായിരിക്കുകയാണല്ലോ? എന്നാൽ ഫെയ്സ്ബുക്കിലൂടെ സൗഹൃദം തീർക്കുമ്പോൾ അവരുടെ യഥാർത്ഥ മുഖം പലപ്പോഴും മനസ്സിലാക്കാൻ ഇന്നത്തെ യുവജനങ്ങൾക്ക് കഴിയാതെ പോകുന്നു. ആത്മാർത്ഥതയില്ലാത്ത ഇത്തരം സൗഹൃദങ്ങൾക്കാണ് ഇന്ന് കൂടുതൽ പ്രാധാന്യം നൽകുന്നത്. അതുകൊണ്ട് ഞാൻ വിശ്വസിക്കുന്നു ഫെയ്സ്ബുക്കിൽ നാം ആഡ് ചെയ്യുന്ന ഫ്രണ്ട് റിക്വസ്റ്റുകൾ ഒന്നും നമ്മുടെ സഹായത്തിനെത്തില്ലാ എന്ന്. അവവെറുതെ നമ്മുടെ കുറിപ്പുകൾക്ക് ലൈക്ക് അടിക്കും, വേണമെങ്കിൽ ഷെയർ ചെയ്യും അതല്ലെങ്കിൽ കമന്റ് അടിക്കും. ഇതിനപ്പുറത്തേക്ക് അതിന് എത്രമാത്രം ആഴമുണ്ട് ?

നമ്മുടെ ജീവിതത്തിന്റെ പ്രതിസന്ധിയിലും, ദാരിദ്ര്യത്തിലും രോഗത്തിലും നമ്മുടെ അടുക്കൽ സഹായഹസ്തവുമായ് ഓടിയെത്താൻ എത്ര ഫെയ്സ്ബുക്ക് സുഹൃത്തുകൾ മനസ്സുകാണിക്കും. നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരുകാര്യം സമ്മതിച്ചു. ഒരിക്കൽ സ്നേഹത്തിലായിരുന്ന് പിന്നിട് അകന്നുപോയ ബന്ധങ്ങളെ വീണ്ടും വിളക്കിച്ചേർക്കാൻ ഫെയ്സ്ബുക്കിന് കഴിവുണ്ട്. ആ അർത്ഥത്തിൽ അതൊരു ഓർമ്മപ്പെടുത്തലാണ്.... പുനഃസ്ഥാപിക്കലാണ്...... അതിന് അതിന്റേതായ നന്മയുണ്ട്. മറ്റൊരർത്ഥത്തിൽ നല്ലൊരു പരസ്യമാധ്യമമാണ് ഫെയ്സ്ബുക്ക്. ഒരാൾക്ക് നിങ്ങളെ അതിലൂടെ വളർത്താനും, കൊല്ലാനും കഴിയും. നിങ്ങളിൽ കയറി, മറ്റൊരാളിൽ കയറി, അയാളിൽ നിന്നും മറ്റൊരാളിലേക്ക് കയറി അങ്ങനെ ഒരു ഒളിഞ്ഞുനോട്ടത്തിന്റെ സാധ്യതകളും ഫെയ്സ്ബുക്ക് സമ്മാനിക്കുന്നുണ്ട്. പരസ്യപ്പെടുത്താനാഗ്രഹിക്കാത്ത നിങ്ങളുടെ സ്വകാര്യതകൾ ഇവിടെ പ്രദർശനവസ്തുവാകുന്നു. ഒരുപിടി അപകടത്തിന്റെ സൂചനകളും ഇതു നൽകുന്നു.

ഫെയ്സ്ബുക്ക് സൗഹൃദങ്ങളിൽ ആരംഭിച്ച് അപകടത്തിലെത്തിയതിന്റെ എത്രയോ കഥകൾ നമുക്കിടയിൽ ഇതുവരെ ഉണ്ടായിട്ടുണ്ട്. ആർക്കും എടുക്കാവുന്ന വിധത്തിലുള്ള ഫോട്ടോകൾ എത്രയോ അധികമായി ദുരുപയോഗിക്കപ്പെടുന്നു. എല്ലാറ്റിനുമുള്ള നന്മകളും ഒപ്പം തിന്മകളും ഫെയ്സ്ബുക്കിനുമുണ്ട്. പക്ഷെ, ബന്ധങ്ങളെ

ഇതെത്രമാത്രം ക്രിയാത്മകമാക്കുന്നുണ്ട്, എന്നുമാത്രം വിലയിരുത്തുക. മേൽ പറഞ്ഞ ആശയങ്ങളോട് നിങ്ങൾക്ക് പ്രതികരിക്കാം, ഫെയ്സ്ബുക്ക് ഭാഷയിൽ പറഞ്ഞാൽ ഒരു ലൈക്ക്... അല്ലെങ്കിൽ അൺലൈക്ക്.....

ഈ ആധുനിക കാലഘട്ടത്തിൽ നമുക്ക് ചുറ്റും പതിയിരിക്കുന്ന ചതിക്കുഴികളിൽ ചെന്ന് വീഴാതെ വിവേകമുള്ളവരായിരിക്കാം...... വിവര സാങ്കേതികവിദ്യകൾ നല്ല കാര്യങ്ങൾക്കായ്....... നല്ല അറിവുകൾ സമ്പാദിക്കുന്നതിനായി വിനിയോഗിക്കാം. ആത്മാർത്ഥതയും, സത്യസന്ധതയും നിറഞ്ഞുനിൽക്കുന്ന അപരന്റെ യഥാർത്ഥമുഖം തിരിച്ചറിയുന്ന സൗഹൃദങ്ങൾ തീർക്കാം. നല്ല സന്ദേശങ്ങൾ, ആത്മീയമൂല്യങ്ങൾ എന്നിവ പങ്കുവെയ്ക്കാൻ ഇവ നമ്മെ സഹായിക്കട്ടെ......



സി സെലിൻ
എച്ച് എസ് ടി മലയാളം
സി ജി എച്ച് എസ് എസ്
വടക്കഞ്ചേരി

# മഴ

വൃശ്ചികമാസത്തിലെ മഴതുള്ളി-
കൾപ്പോലെ ഈറനായ് പെയ്തിറ-
ങ്ങും നിശബ്ദമായ നറുമഴ...
ഉമ്മറത്തിണ്ണയിലെ ചാരുപടിയിൽ
ഭൂതകാല സ്മരണയുടെ വർണ്ണങ്ങ-
ളായ് നേർത്ത പുഞ്ചിരി തൂകിയിരി-
ക്കുന്ന വൃദ്ധയും...
കർക്കിടക മാസത്തിലെ മഴത്തുള്ളി-
കൾ നിറഞ്ഞു നിൽക്കുന്ന വലു-
കുളത്തിന്റെ മേൽ പളുങ്കുതുള്ളി-
യായ് വീഴവേ...
അറിയാതെ മണ്ണിൻ മോഹങ്ങൾ
പെയ്തുപോയ്...
തൻ വരവും കാത്തിരിക്കുന്ന പ്രിയ
സഖിയെ ഒരു നോക്കു കാണാൻ
ദൂരങ്ങൾ താണ്ടി വൃക്ഷത്തിൻ-
നൊമ്പരങ്ങളിലലിഞ്ഞ് മണ്ണിനോ-
ടുള്ള പ്രിയത്താൽ പെയ്തിറങ്ങുന്ന
മഴത്തുള്ളികൾ...
വിരുന്നുകാരനെപ്പോലെ വൈകു-
ന്നേരങ്ങളിലെ തുലാം മഴ വന്നു-
തകർത്തു പെയ്യുമ്പോൾ ഇനിയെ-
ന്നു കാണുമെൻ പ്രിയ സഖിയെ
എന്ന വ്യഥയുമായ് നിൽക്കുന്ന
വൃത്തികയും അവയിലെ ജീവജാ-
ലങ്ങളും...



എമിന എൽഥോ
9 ബി

# സൈബർ യുഗത്തിലെ വെല്ലുവിളികൾ

ലോകം മാറുകയാണ് ; കൂടെ മനുഷ്യരും. വസ്ത്രവ്യതിയാനങ്ങൾ പോലുമില്ലാതിരുന്ന നാം ഇന്ന് ജീവിക്കാൻ ദിവസവും പല നിറത്തിലുള്ള പല വർണ്ണങ്ങളാൽ നിറഞ്ഞ വസ്ത്രങ്ങൾ പറ്റിയേ തീരു എന്ന നിജസ്ഥിതിയിലായിരിക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യ. വിവിധ ഭാഷാസമൂഹങ്ങൾ, മത–ജാതി–വംശീയ വിഭാഗങ്ങൾ ഇവയെല്ലാമായ് ചേർന്നുകിടക്കുന്ന അത്യധികം സങ്കീർണ്ണവും മുഴുവൻ യൂറോപ്യൻ രാജ്യങ്ങൾ ചേർന്നാലുള്ള ജനസംഖ്യയേക്കാൾ അത്യധികം ജനസംഖ്യയുള്ളതിനാൽ അതിബൃഹത്തായ രാജ്യമാണ് ഇന്ത്യ. നൂറ്റിയിരുപത് കോടി ജനസംഖ്യയുള്ള ഇന്ത്യയിൽ എല്ലാതും പോലെ തന്നെ സൈബർ ക്രൈമിനും കുറവില്ല.

ആധുനിക കാലത്തെ നിജസ്ഥിതികളിലേക്കും ആഡംബരത്തിലേക്കും മുഴുകി വീഴുന്ന മനുഷ്യരാണ് നാം പലരും. ലോകത്തിന്റെയും രാഷ്ട്രത്തിന്റെയും ഉന്നതിക്കും വളർച്ചയ്ക്കുമായി നമ്മുടെ നാട്ടിൽ തന്നെ പല തരത്തിലുള്ള ഉയർച്ചകളും മാറ്റങ്ങളും നമ്മുടെ ഗവൺമെന്റ് നടപ്പിലാക്കുന്നുണ്ട്. ഇന്നേ വർഷം പ്രാവർത്തികമാക്കിയ 'മെട്രോ'യും 'കണ്ണൂർ വിമാനത്താവള'വുമെല്ലാം ഈ ഉയർച്ചയുടെ ഭാഗമാണെന്ന് പറയാതെ വയ്യ. ഇതേ തരത്തിലുള്ള ഉന്നമനം തന്നെയാണ് ഒരു വ്യക്തിക്ക് കമ്പ്യൂട്ടർ സാക്ഷരതയും നിയമസാക്ഷരതയും നൽകുന്നത്. ഇന്നീദിനം മൊബൈൽ ഫോൺ; അതേതും ആവട്ടെ എത്ര വിലയുള്ളതുമാവട്ടെ അത് ഉപയോഗിക്കാൻ ഇന്നാട്ടിലെ കൊച്ചു കുട്ടികൾക്ക് പോലും കഴിയും.

'സൈബർ' എന്ന വാക്കിനർത്ഥമായി വരുന്ന പദമാണ് 'വല' എന്ന് പല ചിന്തകൻമാരും അഭിപ്രായപ്പെടുന്നു. സൈബർ ലോകത്ത് പലതരത്തിലുള്ള പദ്ധതികളുണ്ട്. അവയെല്ലാം വ്യക്തികളെ അവരുടെ സ്വാധീനവലയത്തിലാക്കാനുള്ള ചൂതുകളിത്തന്നെയാണ്. ഇതിൽ സ്ത്രീ–പുരുഷ വ്യത്യാസമില്ലാതെ ഇക്കാലത്തെ യുവജനങ്ങൾ ഇതിനിരയായി മാറുന്നു. സോഷ്യൽ മീഡിയ എന്നു പറയുന്ന സാമൂഹ്യ മാധ്യമങ്ങളായ ടി വി, ഫെയ്സ്ബുക്ക്, വാട്സാപ്പ്, ഇൻസ്റ്റഗ്രാം, ട്വിറ്റർ തുടങ്ങിയ

പുത്തൻ വസ്തുതകളും; പബ്ജി, ഫ്രീ ഫയർ തുടങ്ങിയ സ്വയം കൊല്ലുന്ന മൊബൈൽ കളികളും ഇതിന്റെ ഭാഗം തന്നെയാണ്.

മാർഗ് സക്കർബർഗ്ഗ് 'ഫെയ്സ്ബുക്ക്' കണ്ടുപിടിച്ചതും ഉപയോഗിച്ചതും പ്രാവർത്തികമാക്കിയതും 2010–ൽ തന്റെ സുഹൃത്തുകൾക്കും അവരുടെ യു.എസ് യൂണിവേഴ്സിറ്റിക്കും വേണ്ടി മാത്രമായിരുന്നു. അവർക്ക് ആശയവിനിമയം ചെയ്യാനുള്ള മാർഗ്ഗമായായിരുന്നു അദ്ദേഹം ഈ നേട്ടത്തെ കണ്ടത്. എന്നാൽ ഇന്ന് ലോകത്തിലെ തന്നെ അഞ്ച് മില്ല്യനോളം വരുന്ന ജനത ഈ സാമൂഹ്യ മാധ്യമം ഉപയോഗിക്കുന്നു. സ്വന്തം ഛായചിത്രം എടുക്കാനും അവ ഇവയിലിട്ട് ലൈക്ക് വാങ്ങാനും വേണ്ടി മാത്രമായി ഇന്നത്തെ യുവജനങ്ങളുടെ ജീവിതം. സ്വന്തം മുഖത്തിനോടുള്ള വെറുപ്പും അതേ സമയം മറ്റുള്ളവരുടെ പ്രശംസയിലൂടെ സ്വയം അത്യാഗ്രഹിക്കുകയും മറ്റുള്ളവരുടെ നന്മകൾ കാണാത്ത കൂട്ടത്തിലൊന്നായ് വിവർഷിക്കുകയുമാണ് യുവാക്കൾ.

ഓണം നാം എന്നും സന്തോഷത്തോടെ ഏവരും ഒത്തുകൂടി ദുഃഖങ്ങളും സന്തോഷങ്ങളും ഒരുപോലെ പങ്കിട്ട ദിനങ്ങളായിരുന്നു. എന്നാൽ ഇന്ന് ആ സന്തോഷം കാണുന്നില്ല. പുത്തൻ വസ്ത്രങ്ങളിട്ട് കടകളിൽ നിന്നും പ്ലാസ്റ്റിക്ക് പൂക്കളും മറ്റു നിറവർണ്ണത്തിലുള്ള പൂക്കളും വാങ്ങി മുറ്റം നിറയെ വലിയ കളമായി പൂക്കളമിടുകയാണ് ഇന്നേവരും. ശേഷം പൂക്കളത്തിനു മുന്നിൽ നിന്നും സദ്യയ്ക്ക് മുന്നിൽ നിന്നും ചിത്രങ്ങൾ എടുക്കുകയും ശേഷം ഇൻസ്റ്റഗ്രാമിലും ഫേയ്സ്ബുക്കിലും വാട്സാപ്പിലും എല്ലാം ഇട്ട് ലൈക്കുകളും അഭിപ്രായങ്ങളും കാണാനാണ് ഇന്ന് ഏവർക്കും തിടുക്കം. ഈ തിടുക്കങ്ങൾക്കിടയിലും നാം സ്വന്തം നാടിനെയും നമ്മുടെ മുത്തുമുത്തശ്ശന്മാർ നമുക്ക് കൈമാറി തന്ന അന്തസ്സിനെയും ആഭിജാത്യത്തെയും നാം ഇവയിൽ ഒഴുക്കികളയുകയാണ്. ഓണം എന്താണെന്നും എങ്ങനെയായിരുന്നെന്നും നാം മറന്നു പോയിരിക്കുന്നു. ഓണം മാത്രമല്ല പല ഉത്സവങ്ങളും നാം മറന്നു. അവയുടെ പ്രാധാന്യവും മറന്നു.

സ്വന്തം ചിത്രങ്ങൾ എടുക്കുന്നതിനെ ഇന്നത്തെ യുവാക്കൾ 'സെൽഫി' എന്നു ചുരുക്കി വിളിക്കാൻ തുടങ്ങി. ആരെന്നും എന്തെന്നുമറിയാതെ നാലുചുമരുകൾക്കുള്ളിൽനിന്നും സ്വയം ബലിയായ് പലർക്കും മാറുകയാണ് നാം. പണ്ട് ബന്ധങ്ങൾ വളർന്നത് നേരിട്ടുള്ള സംസാരത്തിലൂടെയും ആശയങ്ങളിലൂടെയുമായിരുന്നെങ്കിൽ ഇന്ന് അവ മാറിയിരിക്കുന്നു. ആരാണെന്ന

എങ്ങനെയാണെന്നും അറിയാതെ കാണുകപോലും ചെയ്യാത്ത വ്യക്തിയുമായി ബന്ധപ്പെടുന്നു. ഇതിൽ നിന്നുള്ള ആപത്തും പ്രശ്നങ്ങളും അറിയാതെ പല സ്ത്രീകളും ഇതിൽ പെട്ടുപോകുന്നു. പെൺകുട്ടികളെ പ്രത്യേകിച്ച് പ്രായപൂർത്തി ആവാത്തവരാണ് ഈ വലയിൽ പെട്ടുപോകുന്നത്. സ്വന്തം മനസ്സിനെ മറന്ന്, വളർത്തിയ മാതാപിതാകളെ മറന്ന് അവർ ഇതുവരെ കാണുകപോലും ചെയ്യാത്തവരെ വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു. ശരീരത്തിനെ പോലും വേണ്ടാന്ന് വച്ചുകൊണ്ട് പലരുടെയും വലയിലുൾപ്പെട്ടുപോവുകയാണ് പെൺകുട്ടികൾ. ജീവിതമെന്തെന്നും ജീവിതമൂല്യങ്ങളെന്തെന്നും അറിയാതെ അവർ എത്തുന്നത് ആത്മഹത്യ എന്ന സ്വയംരക്ഷപ്പെടലിലേക്കാണ്. എന്നാൽ വേദനകൾ സഹിച്ച് പിന്നീട് ജീവിക്കേണ്ടത് അവരുടെ മാതാപിതാക്കളാണെന്ന് അവർ മറന്നുപോകുന്നു.

ഇതേ തരത്തിൽ തുടങ്ങിയ പുത്തൻ മേഖലയാണ് 'ടിക്ക് ടോക്ക്!' സ്വന്തം കഴിവുകൾ ലോകത്തെ കാണിക്കുവാനും തുടർച്ചയായി കലാപരമായ പ്രവർത്തികളിൽ നേട്ടം വരുത്താനും വേണ്ടിയാണ് ഈ മാധ്യമം ചുറ്റും എത്തിച്ചത്. എന്നാൽ ഇത് നിരോധിക്കേണ്ട അവസ്ഥയാണ് ഇന്ന് വന്നുചേരുന്നത്. ലൈക്കിനുവേണ്ടി ഏത് തരത്തിലും അഭിനയിക്കാനും കളിക്കാനും മടിക്കാത്തവരാണ് ഇന്നത്തെ യുവാക്കൾ. ലൈക്കു കുറഞ്ഞതു മൂലം ആത്മഹത്യക്ക് ശ്രമിച്ചവരും, ലൈക്കിനായി പല ചാലഞ്ചുകൾ ചെയ്ത് മരിച്ചവരുമുണ്ട്. ലൈക്കുകൾ കുറയുന്നത് മൂലം താൻ ചെറുതാവുകയാണെന്ന തോന്നലാണ് ജനങ്ങളിൽ ജനിപ്പിക്കുന്നത്. ഇതിലൂടെ തന്നെ വരുന്ന വാർത്തകൾ നിരവധിയാണ്.

' പബ്ജി' എന്ന ഗെയിം യുവാക്കളെ മാത്രമല്ല മറിച്ച് കുട്ടികളെയും വലയിലാക്കിയിരിക്കുന്നു. കളിക്കിടയിൽ ശല്യപ്പെടുത്തിയതിന് ചില്ലുപാത്രം എറിഞ്ഞ് പൊട്ടിക്കുന്ന അവസ്ഥയും ഉണ്ടാവുന്നു. സ്വയം മരിച്ചും മറ്റുള്ളവരെ കൊന്നും എങ്ങനെയെങ്കിലും ജയിക്കണം എന്ന ചിന്തയിൽ സ്വയം സമൂഹത്തിലും ഇതേ മാർഗ്ഗങ്ങൾ പിന്തുടരുന്നു. ദയയും സഹിഷ്ണുതയും സ്നേഹവും കരുണയുമെല്ലാം കുട്ടികൾ മറന്നുപോകുന്നു. ഇതിനെ തുടർന്ന് 'പബ്ജി' നിരോധിക്കണമെന്ന വീക്ഷണം കൊണ്ട് വന്നത് നമ്മുടെ പ്രായത്തിലുള്ള കുട്ടിതന്നെയാണ്. സ്വയം തെറ്റിലേക്ക് പോവാതിരിക്കാനും മറ്റുള്ളവർക്ക് ശരിയെന്തെന്ന് കാണിക്കാനും കൂടെയാണ് ആ കുട്ടി മുതിർന്നത്.

ഈ തെറ്റുകളുടെ വല ഏറ്റവും നന്നായി പതിക്കുന്നത് വിദ്യാർത്ഥികളിലും യുവ ജനങ്ങളിലുമാണ്. പഠനം കുറയുകയും പല രോഗങ്ങൾ വരുന്നതുമെല്ലാം ഇത് കൊണ്ട് തന്നെയാണ്. പല റേഡിയേഷണും മൊബൈലിൽ നിന്ന് വരുന്നതിനാൽ കൂടുതൽ ഉപയോഗിക്കുന്നത് നല്ലതല്ല. എങ്കിൽ ഇതേ സമയം നാം ശ്രദ്ധിക്കേണ്ടത് ഒരു കാര്യം മാത്രമാണ്. നമുക്ക് തന്നിരിക്കുന്നതൊന്നും തെറ്റല്ല. അവ ഉന്നതിക്കും നാടിന്റെയും സമൂഹത്തിന്റെയും വ്യക്തികളുടെയും ഉയർച്ചയ്ക്കും വേണ്ടി നാം വിനിയോഗിക്കേണ്ടതാണ്. എന്തും കൂടുതലായാൽ മാത്രമാണ് കേടാവുന്നത്. 'അമിതമായാൽ അമൃതും വിഷം' എന്നു കേട്ടിട്ടില്ലേ. പത്രത്തിൽ വായിക്കുന്ന വാർത്തകളിൽ പ്രണയാഭ്യർത്ഥന നൽകി നിരസിച്ച പെൺകുട്ടിയെ പെട്രോൾ ഒഴിച്ചു കത്തിച്ചതും അത് ഒട്ടും പേടിയില്ലാതെ 'ടിക്ക് ടോക്കിൽ' പോസ്റ്റ് ചെയ്തതും സമ്മതിക്കേണ്ടതു തന്നെ. ഒരു കാമുകിയുള്ളപ്പോൾ മറ്റൊരാളെ കല്ല്യാണം കഴിക്കാൻ പോയ വ്യക്തിയെ ഭീഷണിപ്പെടുത്തിയപ്പോൾ ആ കുട്ടിയെ കൊന്നതും കുഴിച്ചിട്ടതും നാം ഓർക്കേണ്ടവ തന്നെ. ഇതിലൂടെ ഒരു തെറ്റായ സമൂഹത്തെയാണ് നാം വഹിച്ചുകൊണ്ട് വരുന്നത്.

മടിയുടേയും വിരഹത്തിന്റെയും ഇടയിലാണ് ഇന്ന് കുട്ടികളും യുവാക്കളും. യൂബർ ടാക്സിയും സ്വികിയും പോലുള്ള ഓൺലൈൻ കമ്പനികൾ മനുഷ്യരുടെ പ്രവർത്തിപ്പോലും അവർ ചെയ്ത് ഏവരെയും മടിയരാക്കുന്നു. കൂടാതെ ചീത്തക്കൂട്ടുകെട്ടുകളിൽ പെട്ട് കഞ്ചാവും മയക്ക മരുന്നും ലഹരി വസ്തുക്കളും യുവാക്കളെ പല തെറ്റുകളിലേക്കും എത്തിക്കുകയും ചെയ്യുന്നു. ഇവയെല്ലാം സമൂഹത്തിലെ തെറ്റാണെന്നും ഒരിക്കലും ഉപയോഗിക്കരുതെന്നും ഗവൺമെന്റ് പറയുന്നു. ഇതിന്റെയെല്ലാം തെറ്റുകൾ മനസ്സിലാക്കി നല്ല ജീവിതം നയിക്കേണ്ടത് നമ്മുടെ കടമയാണ്.



ആർദ്ര പി ജെ

9 സി

# കുടുംബം – ഒരു സ്നേഹവാതായനം

ശാസ്ത്രം പുരോഗതിയിലേക്ക് കുതിക്കുമ്പോഴും മനുഷ്യന് എന്തോ കൈമോശം വന്നിരിക്കുന്നു. എന്താണ് മനുഷ്യന് നഷ്ടമായത്? ഊഷ്മളമായ സ്നേഹബന്ധങ്ങളുടെ വസന്തകാലമോ? അതോ, വെല്ലുവിളികളെ നേരിടാനുള്ള ഇച്ഛാശക്തിയോ? ഒരു കാര്യം നിസ്സംശയം പറയാം. തന്നിലേക്ക് തന്നെ ഉൾവലിയാനുള്ള പ്രവണത പുത്തൻ തലമുറയെ അപകടകരമാംവിധം നാശത്തിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു.

എവിടെയാണ് നമുക്കു തെറ്റുപറ്റിയത്? വാട്സ്ആപ്പിൽ ചാറ്റ് ചെയ്യുന്ന പപ്പയും ഫെയ്സ്ബുക്കിൽ ലൈക്ക് ചെയ്യുന്ന മമ്മയും ഇടയിൽ ഒറ്റപ്പെട്ടു പോകുന്ന കുരുന്നുമക്കളുടെ മുഖം പലപ്പോഴും നാം വിസ്മരിക്കുന്നു. കൂട്ടുകുടുംബവ്യവസ്ഥയിൽ നിന്നും അണുകുടുംബത്തിലേക്കുള്ള മാറ്റത്തിന്റെ ബാക്കി പത്രമാണിതെന്ന് പറഞ്ഞ് ഒഴിഞ്ഞുമാറാമെങ്കിലും പുത്തൻ തലമുറയോട് നമുക്ക് പല ഉത്തരവാദിത്വങ്ങളുമുണ്ട്. മധുരം കഴിക്കുന്ന കുട്ടിയെ ഉപദേശിക്കാൻ സ്വയം മധുരം കഴിക്കൽ എന്ന ദുശ്ശീലം നിർത്തിയ ഗാന്ധിജിയുടെ ജീവിതം നാം മറക്കരുത്. പുതിയതിനെയെല്ലാം അടച്ചാക്ഷേപിക്കുകയല്ല വേണ്ടത്. മാറ്റം അനിവാര്യമാണ്. അത് സമ്മതിച്ചേ മതിയാവൂ.

ഏതിനും എന്തിനും എനിക്കൊപ്പം എന്റെ കുടുംബമുണ്ടെന്നുള്ള അടിയുറച്ച വിശ്വാസം ചെറുപ്പം മുതലേ കുട്ടികളിൽ രൂപപ്പെടുത്തിയെടുക്കണം. അതിന് കുടുംബങ്ങൾ സ്നേഹത്തിന്റെ വാതായനങ്ങളാകണം. ഇന്റർനെറ്റിന്റേയും മൊബൈലിന്റെയും മാസ്മരിക ലോകത്തിൽ നെല്ലും കതിരും തിരിച്ചറിയാനുള്ള വിവേകം കുട്ടികളിൽ വളർത്തിയെടുക്കണം. കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബം. കുടുംബങ്ങൾ തുറന്ന ചർച്ചകൾക്കും സംഭാഷണങ്ങൾക്കും വേദിയാകട്ടെ. ഒരു ചെറുപുഞ്ചിരിയ്ക്ക് മരുഭൂമിയെ മരുപച്ചയാക്കാനുള്ള കഴിവുണ്ട്. ഓരോ കുട്ടിയും സ്വന്തമായി ഒരു തുരുത്ത് രൂപപ്പെടുത്താതെ സ്നേഹത്തിന്റെ, സൗഹൃദത്തിന്റെ, പങ്കുവയ്ക്കലിന്റെ ഒരു ന്യൂജൻ സൃഷ്ടിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.



ജിഷ മാത്യൂസ്
എച്ച് എസ് ടി മലയാളം
സി ജി എച്ച് എസ് എസ്
വടക്കഞ്ചേരി

# കൃഷിക്കാരനും അയാളുടെ മക്കളും

ഒരിക്കൽ ഒരിടത്ത് ഒരു ധനികനായ കൃഷിക്കാരൻ ജീവിച്ചിരുന്നു. അയാൾക്ക് മൂന്നുമക്കൾ ഉണ്ടായിരുന്നു. തനിക്ക് അധിക നാളില്ലെന്ന് മനസിലാക്കിയ കൃഷിക്കാരൻ തന്റെ മക്കളെ അടുത്തേക്കു വിളിപ്പിച്ചു. "മക്കളെ", കൃഷിക്കാരൻ പറഞ്ഞു "എനിക്ക് ഒരു കാര്യം പറയാനുണ്ട്. നമ്മുടെ പൂർവികർ മുതൽ കൈമാറിവരുന്ന ഭൂമിയാണ് ഇതെല്ലാം. ഇതൊന്നും നമ്മൾ വിൽക്കരുത്. അതിൽ ഏതോ ഒരു സ്ഥലത്ത് നിധിയുണ്ട്. ശരിക്കുള്ള സ്ഥലം ഏതാണെന്ന് എനിക്കറിയില്ല. തീർച്ചയായും അത് അവിടെ ഉണ്ട്. നിധി അന്വേഷിക്കുമ്പോൾ ഏതൊരു സ്ഥലവും നശിപ്പിക്കരുത്" . ഇത്രയും പറഞ്ഞ് കർഷകൻ മരിച്ചു. അധികം താമസിക്കാതെ മക്കൾ നിധിക്കായി പുറപ്പെട്ടു. എല്ലാവരും വയലെല്ലാം കിളച്ചുനോക്കി. ഒരു സ്ഥലവും വിടാതെ അവർ കിളച്ചുനോക്കി. അങ്ങനെ രണ്ടു മൂന്നു തവണ വയലെല്ലാം കിളച്ചുനോക്കി. ഇത്രയേറെ അധ്വാനിച്ചിട്ടും അവർക്ക് ഒരു നിധിയും കണ്ടെടുക്കാനായില്ല. തങ്ങൾ കഠിനാദ്ധ്വാനം ചെയ്ത കൃഷിസ്ഥലത്ത് ധാന്യങ്ങൾ വിതച്ചു. വിളവെടുപ്പ് കഴിഞ്ഞപ്പോൾ അവർക്ക് എല്ലാകണക്കുകളും കഴിഞ്ഞിട്ടും ലാഭമായി ധാരാളം പണം ലഭിച്ചു. ആ നാട്ടിൽ ആർക്കും ലഭിക്കാത്ത അത്ര പണമാണ് അവർക്ക് ലഭിച്ചത്. അവർക്ക് അപ്പോഴാണ് മനസ്സിലായത് തങ്ങളുടെ പിതാവ് പറഞ്ഞ നിധി എന്താണെന്ന്. അദ്ധ്വാനത്തിന്റെ ഫലമായി ലഭിച്ച നല്ല വിളവിലൂടെ അവരുടെ കൃഷിസ്ഥലത്തുനിന്നുതന്നെ അവർക്ക് നിധി കണ്ടെടുക്കാൻ കഴിഞ്ഞു.



ആതിര ആർ
9 ഡി

# ജീവിതം

എന്റെ ചിന്തകൾ
കുഞ്ഞിച്ചിറകുകൾ വീശി
എത്ര ഉയരം വരെ പറക്കുന്നുവോ
അവിടെയാണെന്റെ ആകാശം.

എന്റെ സ്വപ്നങ്ങൾ തെളിച്ച വഴിയേ
എത്ര ദൂരം വരെ
പാദങ്ങൾ നടന്നെത്തുന്നുവോ
അതുവരെയാണെന്റെ സാമ്രാജ്യം.

കാലപ്രവാഹത്തിൽ
പച്ചിലച്ചാർത്തിൽ
നിന്നിറ്റിറ്റു വീഴുന്ന
മഞ്ഞുതുള്ളിയായി
സ്നേഹമെന്നിലെത്ര
ആഴത്തിൽ നിറഞ്ഞൊ–
ഴുകി പരക്കുന്നുവോ
അതാണെന്റെ കടൽ.

കിനാവുകൾ ചേക്കേറിയ
ഹൃദയാകാശത്തിൽ
പ്രതീക്ഷയാം
നിലാ വെളിച്ചത്തിൽ
മോഹപ്പൂക്കൾ
കാട്ടിയ വഴിയേ
കാലമാം കടലിൽ
ഞാനെന്റെ ജീവിതതോണി തുഴയുന്നു.



അശ്വതി എം
9 ഇ

# അഭിനന്ദനങ്ങൾ.............!!
# ആശംസകൾ..........!!






ലിറ്റിൽ കൈറ്റ്സിന്റെ സമഗ്രമായ പ്രവർത്തനങ്ങൾക്ക് പാലക്കാട് ജില്ലയിൽ ഒന്നാം സ്ഥാനം നേടിയ ചെറുപുഷ്പം ഗേൾസ് ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാർത്ഥികൾ അധ്യാപകരോടും പ്രധാനാധ്യാപികയോടുമൊപ്പം തിരുവനന്തപുരത്ത് വെച്ച് നടന്ന അവാർഡ്ദാനചടങ്ങിൽ വിദ്യാഭ്യാസമന്ത്രിയിൽനിന്നും അവാർഡ് ഏറ്റുവാങ്ങുന്നു.



ആലത്തൂർ സബ്ജില്ലയുടെ ആഭിമുഖ്യത്തിൽ നടന്ന ഐ ടി മേളയിൽ അഗ്രിഗേറ്റ് ഫർസ്റ്റ് നേടിയ ചെറുപുഷ്പം ഗേൾസ് ഹയർസെക്കണ്ടറി സ്ക്കൂൾ ടീം .

# തേങ്ങൽ

മഴ തോരാതെ വിണ്ണിലേക്ക് ഊഴ്ന്നു വീഴുന്നു. മഴ തോരാതെ പെയ്തുകൊണ്ടിരിക്കുന്നു. ആ മഴ പെയ്യുന്നതുപോലെ എന്റെ കണ്ണിലും കണ്ണുനീർ കവിളിലേക്ക് ഒരു വെള്ളച്ചാട്ടം പോലെ ഇറങ്ങിച്ചെല്ലുന്നു. അന്നൊരു ഞായറാഴ്ച ദിവസമായിരുന്നു. എന്റെ ഓടിട്ട ചെറിയ വീട്ടിലേക്ക് ആ ദിനത്തിൽ ബന്ധുക്കാരന്റെയും നാട്ടുകാരുടെയും വരവായിരുന്നു. എല്ലാവരും തേങ്ങലോടെ വിങ്ങിപ്പൊട്ടുന്നു. എല്ലാവരും ആർത്തുകരയാൻ തുടങ്ങി. എനിക്ക് എന്താ അവിടെ സംഭവിക്കുന്നതെന്ന് യാതൊരു പിടിയും കിട്ടിയിരുന്നില്ല. എന്റെ കണ്ണിന്റെ അന്ധകാരവും മനസ്സിലുള്ള ഇരുട്ടുമാകാം ഇതിനു കാരണം. എന്നെ ഒത്തിരി പേർ വന്ന് കെട്ടിപ്പിടിക്കുകയും സമാധാനവാക്കുകൾ പറയുകയും ചെയ്യുന്നു. എന്നാൽ എന്റെ താങ്ങും തണലുമായിരുന്ന എന്റെ ചേച്ചിയെ മാത്രം എന്റെ അരികിൽ എനിക്കു ലഭിച്ചില്ല. അച്ഛന്റെ കാലടി ശബ്ദവും സംസാരവും ഞാൻ തിരിച്ചറിഞ്ഞ് അച്ഛനെ അരികിലേക്ക് ഞാൻ വിളിച്ചു. അച്ഛൻ ചോദിച്ചു, "എന്താ മോളേ, നീ വിഷമിക്കരുത് നിനക്ക് ഞങ്ങളൊക്കെയില്ലേ" ഞാൻ ചോദിച്ചു, "അച്ഛാ, ചേച്ചിയെവിടെ എനിക്കിന്ന് മാലാഖമാരുടെ കഥ പറഞ്ഞുതരാന്നു പറഞ്ഞതാണല്ലോ". അച്ഛൻ കരഞ്ഞുകൊണ്ട് ചുമരിന്റെ പുറകിലേക്ക് മറഞ്ഞുനിന്നു. എന്നിട്ട് കണ്ണീർ തുടച്ച് ഒരു ചെറു പുഞ്ചിരിയോടെ എന്റെ മുന്നിൽ വന്നു നിന്നു. "മോളേ, ചേച്ചി നാം കാണാത്ത ലോകത്തേക്ക് പോയി കഴിഞ്ഞു നാം..... കാണാത്ത ലോകത്തേക്ക് " ഇടറുന്ന ശബ്ദത്തോടെ അച്ഛൻ പറഞ്ഞുനിർത്തി. ആരുടെയോ വിളികേട്ട് അച്ഛനും എന്റെ അരികിൽ നിന്ന് മാഞ്ഞുപോയി.

മഴ അപ്പോഴും തോരാതെ ഓടിലൂടെ നൂലു പോലെ ഒഴുകിക്കൊണ്ടേയിരുന്നു. ഞാൻ എന്റെ മേലെ ജനലിന്റെ വിടവിലൂടെ കൈ വെളിയിലേക്കിട്ടു. മഴയുടെ മൃദുല കരങ്ങൾ എന്നെ തലോടിക്കൊണ്ടേയിരുന്നു. കരച്ചലിന്റെ ശബ്ദങ്ങൾ അപ്പോഴും മാഞ്ഞിരുന്നില്ല. എന്നെ ഭയത്തിലേക്ക് തള്ളുകയായിരുന്നു ആ കരച്ചിൽ. ഞാൻ കാണുന്നവരോടും എനിക്ക് തിരിച്ചറിയാൻ

കഴിഞ്ഞവരോടും ഞാൻ ചോദിച്ചത് ഒന്നുമാത്രം "എന്റെ ചേച്ചിയെവിടെ, അവളെ കണ്ടില്ലല്ലോ" എല്ലാവരും എനിക്ക് ഉത്തരം നൽകാതെ ഒരു ചെറുകരച്ചിലോടെ മറഞ്ഞുപോയി. വന്നവരുടെ സംസാരരീതിയിൽ എന്റെ മനസ്സിൽ ഞാൻ കേൾക്കാൻ ആഗ്രഹിക്കാത്ത ഉത്തരമാണ് എനിക്ക് ലഭിച്ചത്. എന്റെ ചേച്ചി എന്നേക്കുമായി ഈ ലോകത്തുനിന്നുതന്നെ പോയിരിക്കുന്നു. എന്റെ മനസ്സ് ഞാൻ അറിയാതെ വിങ്ങിപ്പൊട്ടി. എന്നെ മാറോടുചേർത്ത് ഈ ലോകമെന്താണെന്നും ഈ പ്രകൃതിയുടെ ഓരോ വസ്തുവിനെക്കുറിച്ചും തന്റെ കുറവിൽ ഞാൻ ദുഃഖിക്കാതിരിക്കാൻ കഥകൾ പറഞ്ഞും ചിരിപ്പിച്ചും രസിപ്പിച്ചതും എന്റെ ചേച്ചിയായിരുന്നു, എന്റെ ചേച്ചി മാത്രം.........

ഞാൻ ഏകയായ നിമിഷത്തിൽ ഞാൻ ഒറ്റക്കല്ല, എനിക്ക് എല്ലാവരുമുണ്ടെന്നും മനസ്സിലാക്കിതന്നത് അവളാണ് എന്റെ മാളു.......... എന്റെ ചേച്ചി..........എന്റെ കൈവളയിൽ അവളുടെ വിരലുകൾ അമർത്തി ഓരോന്നും പഠിപ്പിച്ചത് അവളായിരുന്നു. അവളുടെ മൃദുലമായ കരങ്ങൾ ഒരു വട്ടം കൂടി തൊടാൻ ഞാൻ ഏറെ ആഗ്രഹിച്ചു. ഞാൻ അവളുടെ കരങ്ങളിൽ ഒന്നു തലോടി എന്റെ കണ്ണും മനസ്സും ഞാനറിയാതെ വിങ്ങിപ്പൊട്ടി. കണ്ണുനീർതുള്ളികൾ എന്റെ കവിളിലൂടെ പതിയെ മണ്ണിലേക്ക് ലയിച്ച് ചേർന്നു. പെട്ടെന്ന് അമ്മയുടെ നിലവിളി ശബ്ദം ഞാൻ കേട്ടു. എന്നെ കൈപിടിച്ച് എന്റെ റൂമിൽ ഇരുത്തി.... അവരുടെ കാലടി ശബ്ദം അകന്നുകൊണ്ടേയിരുന്നു. എന്റെ മനസ്സ് എന്നോട് ആവർത്തിച്ചുകൊണ്ടേയിരുന്നു നീ ഏകയാണിപ്പോൾ. എന്റെ കണ്ണിന്റെ അന്ധകാരവും മനസ്സിന്റെ ഇരുട്ടും ഞാൻ ഏകയായതിന്റെ അവസ്ഥ എന്നിലേക്ക് അടുപ്പിച്ചു. എന്റെ മനസ്സിൽ ഞാനറിയാതെയും അറിഞ്ഞും തേങ്ങിക്കൊണ്ടേയിരുന്നു. എന്നിലെ ഇരുട്ട് കൂടുതൽ നിഗൂഢമായതുപോലെ തോന്നി. ഏകയായതിന്റെ വേദന എന്റെ മനസ്സിനെ ഏറെ തളർത്തി. എന്റെ കണ്ണുനീരിനും സങ്കടത്തിനും അതിരുണ്ടാക്കാൻ എനിക്ക് സാധിച്ചില്ല. മഴ അപ്പോഴും പെയ്തുക്കൊണ്ടേയിരുന്നു.......... മഴ പെട്ടെന്ന് എന്നിലേക്ക് ലയിച്ച് ചേർന്നു. എൻ വിരലുകൾ ഞാൻ പതിയെ ജനാലവിടവിലൂടെ നീട്ടിക്കൊടുത്തു. മഴ തുള്ളികൾ ഓരോന്നായി എന്റെ കൈകളെ പതിയെ തലോടിക്കൊണ്ടിരുന്നു. എന്റെ കണ്ണിൽ നിന്നും മഴ തോരാതെ പെയ്തുക്കൊണ്ടേയിരുന്നു.............

ശാരു എസ്

10 ബി



# ഇന്റർനെറ്റ് യുഗം

ഇന്റർനെറ്റ്, ലോകത്തിൽ തന്നെ വ്യാപിച്ചിരിക്കുന്ന ഒരു പൊതു നെറ്റ് വർക്കാണ്. ഓസോൺ പാളിയെപ്പോലെ ഇന്റർനെറ്റ് ലോകത്തെ ആവരണം ചെയ്യുന്നു. ലോകത്തിലെ എല്ലാ രാജ്യത്തെയും സംസ്ഥാനത്തെയും ബന്ധിപ്പിക്കുന്ന ഒരു ശൃംഗലയായി ഇന്റർനെറ്റ് പ്രവർത്തിക്കുന്നു. ഇന്റർനെറ്റ് കൂടാതെ ജീവിക്കാൻ പറ്റാത്തൊരവസ്ഥയാണ് മനുഷ്യരാശിക്ക്. ഏതൊരു മനുഷ്യർക്കും ഗുണവും ദോഷവുമുള്ളതുപോലെ ചില ദോഷങ്ങൾ ഇന്റർനെറ്റിനുമുണ്ട്. ഇന്റർനെറ്റിന്റെ ഗുണാംശങ്ങൾ മാത്രം സ്വീകരിച്ച് അതിന്റെ സേവനം ആസ്വദിക്കാൻ നമുക്ക് സാധിക്കട്ടെ!!!



ശ്രീഷ്മ സി

9 ബി

# ഓർമ്മത്താളുകൾ

ഓർമ്മതൻ താളുകളായി മറഞ്ഞുവോ–
ബാല്യമെന്നെന്റെയാ ആദ്യകാലം.
പിഞ്ചുകാൽപ്പാടുകൾ വച്ചുവച്ചങ്ങനെ
ഒന്നായി കളിച്ചുരസിച്ച കാലം.

മാവിൻചുവട്ടിലും പേരച്ചുവട്ടിലും
ആർത്തുവിളിച്ചൊരാ ബാല്യകാലം.
ഇണങ്ങിയും പിണങ്ങിയും പുതിയ–
ക്കൂട്ടുകളായും കൈപിടിച്ചുയർത്തിയതെന്റെ ബാല്യം.

പാടവരമ്പത്തും നാട്ടുവഴിയിലും
ഓടിക്കളിച്ചൊരാ ബാല്യകാലം.
കുസൃതിത്തരങ്ങൾ തൻ
പൊൻപുതുനാമ്പുകൾ നുണഞ്ഞു
ഞാൻ അങ്ങനെ ഓർത്തിരുന്നു.

എങ്ങോ മറഞ്ഞോരാ കുഞ്ഞു–
കുളിർതെന്നൽ എന്റെ മനസ്സിനെ
തഴുകി മെല്ലെ.
ആ പൊൻത്താളുകൾ വിടർത്തി
ഇരുന്നാത്തിങ്കളിൽ ചന്തം നുകർ–
ന്നിരുന്നു.........



നവ്യ നവീൻ
9 ഇ

# ചാട്ടക്കാരൻ ചേട്ടൻ

സഞ്ചിമൃഗം എന്നാണ് കങ്കാരുക്കൾ അറിയപ്പെടുന്നത്. സസ്യഭുക്കുകളായ കങ്കാരു വലിയ ചാട്ടക്കാരനാണ്. ഓസ്ട്രേലിയയുടെ ദേശീയ മൃഗമാണ് കങ്കാരു. ഓസ്ട്രേലിയയിൽ ഏകദേശം 47 ജൈവവർഗങ്ങളിലുള്ള സഞ്ചിമൃഗങ്ങളെയെല്ലാം പൊതുവായി കങ്കാരു എന്നു വിളിക്കുന്നു. 'മാക്രോപോഡിയ' കുടുംബത്തിൽ ഉൾപ്പെടുന്ന ഇവയിൽ മിക്കതും കരയിൽ ജീവിക്കുന്നവയും സസ്യഭുക്കുകളുമാണ്. മിക്കവയും ഓസ്ട്രേലിയയിലെ സമതലങ്ങളിൽ മേയുന്നു. സാധാരണയായി ഇവയ്ക്ക് നീണ്ട ശക്തമായ പിൻകാലുകളും പാദങ്ങളും കീഴറ്റം തടിച്ച് നീണ്ട വാലും ഉണ്ട്. പിൻകാലുകൾ ഇവയെ പ്രതിരോധത്തിനും നീണ്ട ചാട്ടത്തിനും സഹായിക്കുന്നു. വാൽ സമതുലിതാവസ്ഥയ്ക്ക് ഉപയോഗിക്കപ്പെടുന്നു. ചെറിയ തലയും വലിയ വൃത്താകൃതിയിലുള്ള ചെവികളും ഉള്ള ഇവയുടെ രോമം മൃദുലവും കമ്പിളി പോലെയുള്ളതുമാണ്. പെൺകങ്കാരുവിന്റെ വയറ്റിലുള്ള സഞ്ചിയിൽ കിടന്നാണ് കങ്കാരുകുഞ്ഞ് വളരുന്നത്.



ശ്രീദേവി കെ പി
9 ബി

# പുസ്തകങ്ങൾ കൂട്ടുകാർ

പുസ്തകങ്ങൾ അറിവിന്റെ ഉറവിടങ്ങളാണ്. പുസ്തകങ്ങളിലൂടെ നമുക്ക് സംസാരിക്കാൻ കഴിയും. കഴിഞ്ഞ കാലത്തെക്കുറിച്ച് മനസ്സിലാക്കാനും, പുതിയ ലോകത്തെയും അതിലെ മനുഷ്യരെയും കുറിച്ച് അറിവു നേടാനും പുസ്തകങ്ങളിലൂടെ സാധിക്കും. നമ്മെ വെളിച്ചത്തിലേക്ക് നയിക്കുന്ന ഉത്തമ ഗ്രന്ഥങ്ങളുമായി കൂട്ടുകൂടാനുള്ള ഒരു അവസരമായി വായനയെ കണക്കാക്കാം. "അറിവിലൂടെ സമ്പന്നരാകാനും, ശാസ്ത്രത്തിലൂന്നി ശക്തരാകാനും" വായനയിലൂടെ സാധിക്കും.

വായന എന്നത് ഒന്നോ രണ്ടോ ദിവസങ്ങളിൽ മാത്രം ഒതുങ്ങേണ്ടതല്ല. അത് ആജീവനാന്തം തുടരേണ്ട നിരന്തരമായ ഒരു തപസ്സാണ്. അറിയാനും അനുഭവിക്കാനും ജീവിതം വലുതാവാനും നടത്തുന്ന ഒരു തപസ്സാവണം വായന എന്നത്.

പുസ്തകങ്ങളെയും വായനയെയും അതിരു കവിഞ്ഞ് സ്നേഹിക്കുന്നവരാണ് മലയാളികൾ എന്നാണ് അറിയപ്പെടുന്നത്. കേരളീയ ദിനകൃത്യങ്ങൾ ആരംഭിക്കുന്നത് തന്നെ വായനയിലൂടെയാണ്. അറിവിന്റെ കവാടം തുറന്ന അക്ഷരശിൽപിയായി കരുതുന്ന പി.എൻ പണിക്കരുടെ ചരമ ദിനമായ ജൂൺ 19 വായനാദിനമായി ആചരിക്കുന്നു. അക്ഷരത്തിന്റെയും വായനയുടെയും ലോകത്തേക്ക് മലയാളിയെ കൈ പിടിച്ചു നടത്തിയ അക്ഷരസ്നേഹിയാണ് പി എൻ പണിക്കർ. അരനൂറ്റാണ്ടിലേറെ കാലം കേരളത്തിന്റെ സാംസ്കാരികരംഗത്ത് അദ്ദേഹം നിറഞ്ഞു നിന്നു. കേരളീയ ഗ്രാമങ്ങളിൽ വായനയുടെ പുതു വെളിച്ചം എത്തിക്കാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ വിലമതിക്കാൻ ആവാത്തതാണ്. അക്ഷരങ്ങളിൽ നിന്ന് അറിവും ആത്മവിശ്വാസവും നേടിയവരാണ് ലോകനേതാക്കളിലേറയും. കുട്ടിക്കാലത്തു തന്നെ വായനയുടെ അത്ഭുത ലോകത്തെത്തിയവർ, അതു വരെ കാണാതെപോയ കാഴ്ചകളും, കേൾക്കാതെപോയ ഇലയനക്കങ്ങളും, അറിയാതെപോയ മുറിവുകളും, അനുഭവിക്കാതെപോയ അനുഭൂതികളും, വായനയിൽ നിന്നാണ് അവർ അറിഞ്ഞതും മനസ്സിലാക്കിയതും. വായന ഒരിക്കലും മരിക്കുന്നില്ല.

പാരമ്പര്യവഴികളിൽ നിന്ന് വേറിട്ട് മലയാളിയുടെ വായനലോകത്തേയും മുന്നോട്ടു നയിക്കുകയാണ് ഇന്റർനെറ്റും പുതിയ സാങ്കേതികവിദ്യകളും. നിരവധി നാളുകളായി ലഭിക്കാതിരുന്ന പല അപൂർവ ഗ്രന്ഥങ്ങളും ഇപ്പോൾ സുലഭമായി ഇന്റർ-നെറ്റിൽ ലഭിക്കുന്നുണ്ട്. വിവരസാങ്കേതിക വിദ്യ വായനയെ തളർത്തുകയല്ല പുതിയ രീതിയിൽ വളർത്തുകയാണ് ചെയ്യുന്നത്. പുതുതലമുറ വായനയുടെ പുത്തൻ മേഖലകൾ തേടുകയാണ്. അറിവിലൂടെ സമ്പന്നരാകാനും ശാസ്ത്രത്തിലൂന്നി ശക്തരാകാനും നാമോരോരുത്തർക്കും കഴിയട്ടെ.

ശ്രേയ എസ്
9 ഇ



# പ്രണയം

തനിച്ചിരുന്നു ഞാനാ ബഞ്ചിൽ
നിനച്ചിരുന്നു ഞാനവനെ തന്നെ
പൊടുന്നനെ ഒരു തൂവൽ
എന്നെ തൊടുന്നപോലെ
തിരിഞ്ഞു നോക്കിയ ഞാൻ കണ്ടു
എൻ ചിന്തകളെ തന്നെ!

# അമ്മ

ശപിച്ചു തള്ളി ഞാനാരണ്ടക്ഷരത്തെ
കൂട്ടു നിന്നില്ല എൻ നിനവുകൾക്കൊന്നും
ഇറങ്ങി ഞാനാ പടിവാതിൽക്കൽ നിന്നും
തട്ടി വീണൊരു നേരം അറിയാതെ
എൻ ഉള്ളിൽ നിന്നും പൊങ്ങിവന്നതും
ആ രണ്ടക്ഷരം തന്നെ!



മിസ് ബോണിയ ഏലിയാസ്
ബി എഡ് ട്രെയ്നി

# പ്രതിസന്ധികളിൽ ഒരു പ്രയാണം

ദൈവീകസാന്നിധ്യം ഇന്നും നിലനിൽക്കുന്നു എന്ന് എന്നിലൂടെ ദൈവം ലോകത്തിന് കാണിച്ചുകൊടുക്കുവാൻ തിരുമനസ്സായി. എന്തൊരു ആനന്ദമാണ് ഇത് തിരിച്ചറിയുന്ന എനിക്ക് ലഭിക്കുന്നത് ! ഈ യാത്ര നാം ആരംഭിച്ച് നാളുകളും വർഷങ്ങളും ഏറെയായി. ദൈവം എന്നെ ഇന്നും പൊന്നുപോലെ കരുതുന്നു എന്ന് കാണാൻ ചിലപ്പോൾ മാത്രമേ സാധിക്കുകയുള്ളു എന്നുള്ളതാണ് വാസ്തവം. ഈ സത്യത്തിലേക്ക് ഞാൻ യഥാർത്ഥമായി കടന്നുവരുകയാണെങ്കിൽ മാത്രമേ എന്റെമേലുള്ള ദൈവസ്നേഹം എനിക്ക് ദർശിക്കാനാകൂ. ഞാൻ അനുഭവിക്കുന്നത് നൽകാനാകൂ.

ഈ യാത്ര മനോഹരമാകുന്നത് എന്റെ ജീവിത സാഹചര്യവും ഞാൻ ശീലിച്ചെടുക്കുന്ന ചില പ്രവർത്തികളുമാണ്. സ്വന്തം പരിശ്രമം കൊണ്ട് പ്രതിരോധ ഗവേഷണ രംഗത്ത് ഡോ. എ പി ജെ അബ്ദുൽ കലാം ആകാശത്തോളം ഉയരങ്ങൾ കീഴടക്കിയെങ്കിലും അദ്ദേഹം തീർത്തും ലളിതമായ ജീവിതമായിരുന്നു നയിച്ചത്. ഞാൻ ജീവിതത്തിൽ എത്രമാത്രം ഉയർന്നാലും ദൈവം എന്റെ കൂടെ ചരിക്കുന്നതു കൊണ്ടാണ് എന്നുള്ള സത്യം ഞാൻ മറക്കാതിരിക്കുക.

എന്റെ ദൈവം എനിക്ക് വിലപ്പെട്ടതായി നൽകിയ ഒരു സമയമുണ്ട്. ആ സമയത്തിൽ മാത്രമേ എനിക്ക് നേട്ടങ്ങൾ കൈവരിക്കാൻ ആകൂ. ആരേയും കാത്ത് നിൽക്കാത്തതാണ് സമയം. ചെയ്യേണ്ടത്, അതനുസരിച്ച് ചെയ്തു തീർക്കാൻ എനിക്ക് കഴിയണം. പാഴാക്കി കളഞ്ഞ മണിക്കൂറുകൾ ഒരിക്കലും തിരിച്ച് വരുകയില്ല. സമയം ഫലപ്രദമായി വിനിയോഗിക്കാൻ എനിക്ക് സാധിക്കണം. എല്ലാവർക്കും എന്നതുപോലെ എനിക്കും ദിവസത്തിന്റെ 24 മണിക്കൂർ മാത്രമേയുള്ളൂ. ഇത് കാര്യക്ഷമമായി വിനിയോഗിക്കേണ്ടത് ഞാൻ തന്നെയാണ്.

പ്രശ്നങ്ങളും പ്രതിസന്ധിക്കളും ഇല്ലാത്ത മനുഷ്യർ ആരും തന്നെയില്ല. ഇതൊരു പക്ഷെ എന്റെ തന്നെ സ്വഭാവത്തിൽനിന്നോ അഥവാ മറ്റുള്ളവരുടെ ആഗ്രഹത്തിൽ നിന്നുമാകാം. ഇത് തിരിച്ചറിയാനും സ്വീകരിക്കാനും എനിക്കാവശ്യം ദൈവീക കൃപയാണ്. പ്രതികരിക്കാനും പ്രതികാരം ചെയ്യാനും ഉള്ളിന്റെയുള്ളിൽ മനുഷ്യ പ്രകൃതി എന്ന നിലയിൽ തോന്നാമെങ്കിലും ദൈവത്തിൽ ആശ്രയിച്ചാൽ എല്ലാം ദൈവം നല്ലതിനായി നടത്തുമെന്ന വിശ്വാസം നമ്മെ ആഴപെടുത്തും. ത്യാഗവും സഹനവും നല്ലതാണ്, എന്റെ ജീവിതത്തിലേക്ക് ഗ്രണം ചെയ്യുന്നതെന്തും സ്വീകരിക്കാൻ ഞാൻ ദൈവത്തിലേക്ക് തിരിയണം. മറ്റുള്ളവർ നമ്മെ അംഗീകരിക്കുകയും അഭിനന്ദിക്കുകയും പ്രശംസിക്കുകയും ചെയ്യുമ്പോൾ ഞാൻ ദൈവത്തെ ഓർക്കുന്നതിനേക്കാൾ, എന്റെ നിന്ദാപമാനങ്ങിലും പ്രതിസന്ധിയിലുമാണ് കൂടുതൽ ബോധ്യത്തിൽ ദൈവത്തിലേക്ക് എത്തുന്നത്. മനുഷ്യനെ കൂടുതൽ വളർത്തിയത് പ്രതിസന്ധികളിൽ ഇടപെടുന്ന ഈ ദൈവീക സാന്നിധ്യമാണ്.

നമ്മുടെ വിദ്യാലയത്തിന്റെ മധ്യസ്ഥ വി.ചെറുപുഷ്പം തന്റെ ജീവിതത്തിൽ സഹനം സ്നേഹത്തോടെ അനുഭവിച്ചവളാണ്. സ്വന്തം സന്തോഷത്തിനും തൃപ്തിക്കുമായി സഹിച്ചവളാണ്. ഒരു മണൽ തരിപോലെ ചവിട്ടപ്പെടാനും തഴയപ്പെടാനും ആഗ്രഹിച്ച വിശുദ്ധ അവസാനം സ്വർഗത്തിൽ ഉയർത്തപ്പെട്ടു. ഈ വഴികളെ മനസിലാക്കുവാൻ ദൈവീക കൃപ തന്നെ വേണം. ഈ അസാധാരണത്വം നമുക്ക് സ്വീകരിക്കണമെങ്കിൽ നാം താഴുവാൻ തയ്യാറാണോ എന്ന് നോക്കിയാൽ മതി: ദൈവം നമ്മെ ഉയർത്തണമെങ്കിൽ നാം എപ്പോഴും താഴ്ന്നിരിക്കണം.

കേരളത്തിന്റെ എന്നതുപോലെ ഭാരതത്തിന്റെ യശസ്സ് ഉയർത്തിയ വി.മറിയം ത്രേസ്യ ദൈവീകാനുഭവങ്ങളിലൂടെ ചെറുപ്പം മുതലേ കടന്നുപോയവളാണ്. ആ ഒരു അനുഭവത്തിൽ നിലനിൽക്കാൻ ദൈവം അനുഗ്രഹം നൽകി എന്നതും, അതിനായി തുടർന്നും പരിശ്രമിച്ചു എന്നതും നമുക്ക് ബോധ്യമായ ഒരു സത്യമാണ്. തുടക്കത്തിൽ സൂചിപ്പിച്ചതുപോലെ ദൈവം നമുക്ക് ദൈവീക അനുഗ്രഹം നൽകുന്നു. അന്ന് അമ്മയിലൂടെയാണെങ്കിൽ ഇന്ന് എന്നിലൂടെ ഈ ലോകത്തിന് നൽകണം. ജീവിത സൗകര്യങ്ങൾ മാറി വരുന്നുവെങ്കിലും അന്നും ഇന്നും പ്രശ്നങ്ങളും പ്രതിസന്ധികളും പാപങ്ങളും നമുക്ക് ചുറ്റുമുണ്ട്. കണ്ടുമുട്ടുന്ന ഓരോരുത്തരേയും നമുക്കാവും വിധം ദൈവത്തിലേക്ക് അടുപ്പിക്കുന്നവരാക്കണം. അങ്ങനെ ദൈവസ്നേഹം അനുഭവിക്കുന്നവരും അത് നൽകുന്നവരുമാകാൻ നമുക്ക് കൈക്കോർക്കാം. അതിനായി പ്രയത്നിക്കാം. "ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ”!!!



സി അൽഫോൺസ്
എച്ച് എസ് ടി സയൻസ്സ്
ചെറുപുഷ്പം ജി എച്ച് എസ് എസ്
വടക്കഞ്ചേരി

# നെഞ്ചിലെ തീക്കനൽ

"ണിങ്, ണിങ്,ണിങ്, ണിങ് " സൈക്കിൾ ബെല്ലിന്റെ ശബ്ദം കേട്ട് പാഞ്ഞുവന്നതാണ് മീന. എന്നാൽ പ്രതീക്ഷ അന്നും അവളെ നിരാശയാക്കി. ഇന്നോ ഇന്നലെയോ അല്ല വർഷങ്ങളായി കാത്തിരിക്കുകയാണ് അവൾ. തനിക്കു ജന്മം നൽകിയ മാതാപിതാക്കൾ അവൾ ജനിച്ച് നാലാം ആഴ്ച ആശുപത്രിയിലേക്കു പോകുന്ന അവരുടെ കാറിന് മുമ്പിലേക്ക് പാഞ്ഞുവന്ന ആ ലോറി അവളെ അനാഥയാക്കി. അത്ഭുതകരമായി അവൾ രക്ഷപ്പെട്ടെങ്കിലും മാതാപിതാക്കളെ രക്ഷിക്കാനായില്ല. പൊടികുഞ്ഞുമായി പോലീസ് ആശുപത്രിയിൽ എത്തിയെങ്കിലും ആരും ഉണ്ടായിരുന്നില്ല അവളെകൊണ്ടുപോകാൻ.

അവസാനം തന്റെ പേരക്കുട്ടിയെ അന്വേഷിച്ച് ഒരു മുത്തശ്ശിയെത്തി. ജീവൻ തുടിക്കുന്ന അവളുടെ കണ്ണുകളിൽ അപ്പോഴും കാണാമായിരുന്നു ഒരു തിളക്കം. മുത്തശ്ശി അവളേയും കൊണ്ട് വീട്ടിലേക്ക് നടന്നു. പൊട്ടികരയാൻ മാത്രമായിരുന്നു അന്ന് ആ മുത്തശ്ശിക്ക് കഴിഞ്ഞിരുന്നത്. ഇനിയാവീട്ടിൽ മീനുവും, മുത്തശ്ശിയും മാത്രമാണ് അവശേഷിക്കുന്നത്. അമ്മയുടെ മുലപ്പാലിന്റെ രുചി വിട്ടുമാറാത്ത ആ കുഞ്ഞ് ഒരിക്കൽ പോലും മുത്തശ്ശിയെ ബുദ്ധിമുട്ടിച്ചിരുന്നില്ല. എന്നാൽ മുത്തശ്ശി അമ്മയെ പോലെ തന്നെ അവളെ വളർത്തി വലുതാക്കി.

വാശിയോ ദുശാഠ്യങ്ങളോ ഒന്നുമില്ലാതെ അവൾ വളർന്നു. പഠിക്കാൻ കഴിഞ്ഞില്ല. മുത്തശ്ശിയ്ക്ക് ആഗ്രഹം ഉണ്ടായിരുന്നെങ്കിലും പണം ഇല്ലായിരുന്നു. എന്നാലും തനിക്കറിയാവുന്നത് അവർ മീനുവിന് പകർന്ന് നൽകി. മുത്തശ്ശി അവൾക്ക് കളിക്കൂട്ടുകാരിയുമായിരുന്നു. അവളോടൊപ്പം കളിക്കാൻ മുത്തശ്ശിയെ നിർബന്ധിതയാക്കും. അവൾ കണ്ടിട്ടുണ്ട് അപ്പുറത്തെ വീട്ടിലെ രാധയോട് അവളുടെ അമ്മയും അച്ഛനും കാണിക്കുന്ന സ്നേഹം. ഒരു ദിവസം ഉറങ്ങാൻ കിടക്കുമ്പോൾ മുത്തശ്ശി കഥ പറഞ്ഞു കൊടുക്കുന്നതിനിടയിൽ ഒരു കാര്യം ചോദിച്ചു: "മുത്തശ്ശീ, എന്റെ അച്ഛനും അമ്മയും എവിടെയാ....?"

പെട്ടന്ന് മുത്തശ്ശിക്ക് തന്റെ കണ്ണുകൾക്ക് കാഴ്ച നഷ്ടപ്പെട്ടത്പോലെ തോന്നി. മൊത്തം അന്ധകാരം. എന്ത് പറയും ഞാൻ അവളോട്. നിന്റെ അച്ഛനും അമ്മയും മരിച്ചുപോയെന്നോ? ഒന്നും ഉരിയാടാൻ കഴിയാതെ മുത്തശ്ശി നിന്നു പോയി. അവൾ വീണ്ടും ചോദിച്ചു. "നിന്റെ അച്ഛനെയും അമ്മയെയും ദൈവം വിളിച്ചു കൊണ്ടുപോയി". മുത്തശ്ശി എങ്ങനെയോ പറഞ്ഞൊപ്പിച്ചു. അപ്പോൾ അടുത്ത ചോദ്യമായി "നമ്മളും പോകുമോ അങ്ങോട്ട്." "സമയമായാൽ എല്ലാവർക്കും പോണം, മോളിപ്പോൾ ഉറങ്ങിക്കോ". അവളെ ആ വിഷയത്തിൽ നിന്നും പിന്തിരിപ്പിച്ചു. എന്നാൽ എപ്പോഴാണെങ്കിലും അവളാ സത്യം അറിയേണ്ടതാണ്. സമയമാകുമ്പോൾ ഞാൻ തന്നെ പറയാമെന്ന് മനസ്സിൽ ഉറപ്പിച്ച് നിദ്രയിലേക്ക് വഴുതിവീണു. മുത്തശ്ശി പറഞ്ഞതൊന്നും മീനു വിശ്വസിച്ചില്ല.

അവൾ പ്രതീക്ഷിച്ചത് അതുവഴി എപ്പോഴും പോകുന്ന പോസ്റ്റ്മാനിൽ നിന്ന് ഒരു കത്ത് കിട്ടും, അത് തന്റെ അച്ഛനും അമ്മയും അയച്ചതായിരിക്കും എന്നതാണ്. എവിടെ നിന്നാണ് അവൾക്ക് ഇങ്ങനെ ഒരു ചിന്താഗതി വന്നതെന്ന് മുത്തശ്ശിക്കുപോലും അറിയില്ല. ഓരോ തവണ പോസ്റ്റ്മാൻ വരുമ്പോഴും അവൾ കത്ത് പ്രതീക്ഷിച്ചിരിക്കും. പക്ഷേ ഒരു ഫലവുമുണ്ടാകാറില്ല. മുത്തശ്ശി പലപ്പോഴും പിന്തിരിപ്പിക്കാൻ നോക്കിയിട്ടും കഴിഞ്ഞില്ല. സത്യം പറയാനുള്ള ശക്തി മുത്തശ്ശിക്ക് ഇല്ലായിരുന്നു. അവളുടെ കാത്തിരിപ്പിന് അവസാനമില്ലാതായി. എന്നിട്ടും പ്രതീക്ഷ കൈവെടിയാൻ അവൾ തയ്യാറായില്ല. മുത്തശ്ശിക്ക് ഒരുപാടുവയസ്സായി. നടക്കാൻ പോലും വയ്യാതെ വന്നു. വീട്ടുജോലികളെല്ലാം അവളാണ് ചെയ്യുന്നത്. അതിന് മുത്തശ്ശി അവളെ പ്രാപ്തയാക്കിയിരുന്നു. ഓരോരോ രോഗങ്ങൾ മുത്തശ്ശിയെ തേടിയെത്തി. മുത്തശ്ശിയുടെ ഉള്ളിൽ ആധിയും കൂടി. ഞാൻ മരിച്ചാൽ പിന്നെ മീനുവിനെ ആരു നോക്കും എന്നായി ചിന്ത. ബന്ധുക്കളാരും തിരിഞ്ഞുനോക്കില്ല എന്നത് മുത്തശ്ശിക്ക് ഉറപ്പായിരുന്നു.

ഒരു ദിവസം നേരം പുലർന്നിട്ടും എഴുന്നേൽക്കാത്ത മുത്തശ്ശിയെ കാണാൻ ചെന്ന മീനു ആകെ വിഷമത്തിലായി. മുത്തശ്ശിക്ക് നല്ല പനി. ഒരു വണ്ടി വിളിക്കാൻ അവൾ വേഗം റോഡിലേക്ക് ഓടി. അവരാരും നിർത്തിയില്ല. വീണ്ടും അവൾ വീട്ടിലേക്ക് വന്നു. "മുത്തശ്ശി,മുത്തശ്ശി എഴുന്നേൽക്ക് കഞ്ഞിക്കുടിക്കാം". അവളുടെ ചോദ്യത്തിന് മറുപടി കിട്ടിയില്ല. അവളെ കൂട്ടാതെ മുത്തശ്ശി പോയിക്കഴിഞ്ഞിരുന്നു. അവൾക്കൊന്നും കാണാൻ കഴിഞ്ഞില്ല. എന്ത് ചെയ്യും?വേദനകോണ്ട് അവളുടെ നെഞ്ചുപൊട്ടുന്നതായി

തോന്നി. അപ്പോഴൊന്നും കാണാത്ത ഒരാൾക്കൂട്ടമായി പിന്നെ അവിടെയെമ്പാടും മാറി. വെള്ളത്തുണിക്കുമീതെ മലർന്നുകിടക്കുന്ന മുത്തശ്ശിയുടെ രൂപം അവൾക്ക് കാണാൻകഴിയില്ലായിരുന്നു. അവസാനം മൃതശരീരം അടക്കി. ആളുകൾപോയി ഇരുണ്ടുമൂടിയ ഒരു മുറിക്കുള്ളിൽ ഭ്രാന്തിയെപ്പോലെ അവൾ ഇരുന്നു. വേദനയുടെ ലോകത്ത് അവൾ ഏകയാണ്.

"ണിങ് ണിങ്" അപ്പോഴും ആ സൈക്കിൾ അവളുടെ വീടിനു മുന്നിലൂടെ പാഞ്ഞുപോയി......



അർച്ചന പി

9 എ

> ' വീഴ്ചകളുടെ കൂടാരവും
> ഗുണപാഠങ്ങളുടെ പാഠപുസ്തകവുമാണ്
> ജീവിതം.'

# ന്യൂ ജനറേഷൻ പഴഞ്ചൊല്ലുകൾ

- കിട്ടാത്ത WiFi പുളിക്കും.
- Wall-ും ചാരി നിന്നവൻ post- ും കൊണ്ട് പോയി.
- കിക്കിലുക്കം കിലുകിലുക്കം Whats App ൽ ചത്തിരിക്കും.
- ഒരു വട്ടം Block കിട്ടിയ ഫ്രീക്കൻ പിന്നീട് Request കണ്ടാലും പേടിക്കും.
- ആരാന്റെ Post നു Like കുറഞ്ഞാൽ കാണാൻ നല്ല ചേലാ....!
- കാമുകിയോട് തോറ്റാൽ Facebook ന്റെ നെഞ്ചത്ത്.
- Facebook ദുഃഖമാണണ്ണീ Whats App അല്ലോ സുഖപ്രദം.
- ഓടുന്ന Post നു ഒരു Comment മുമ്പേ.....
- Mobile ചെന്ന് Whats App ൽ വീണാലും Whats App വന്ന് Mobile ൽ വീണാലും കേട് പാവം ഫ്രീക്കന്.
- അല്പനു Like 1000 തികഞ്ഞാൽ അർദ്ധരാത്രിയിലും Screenshot എടുക്കും.



ഫാത്തിമ സിയ എസ് കെ
9 ബി

# എന്റെ മാലാഖ

സ്നേഹത്തിൻ ചിറകുകളാൽ മൂടുന്ന-
മണ്ണിൽ വസിക്കും മാലാഖയാണെന്നമ്മ.
ദൈവം സമ്മാനിച്ച സ്നേഹത്തിൻ കടലായ
ഏറ്റവും വലിയ നിധിയാണെന്നമ്മ.
മനതാരിൽ അക്ഷരത്താളുകൾ ആദ്യം പതിപ്പിച്ച
വിദ്യാസ്വരൂപിണിയാണെന്നമ്മ.
കണ്ണൊന്നു നിറഞ്ഞാൽ തേങ്ങും
ഹൃദയത്താൽ പുൽകും ഇളംതെന്നലാകുന്നെന്നമ്മ.
നെഞ്ചകം തൊട്ടിലാക്കി നമ്മെ ഉറക്കുന്ന
അമ്മതൻ സ്നേഹത്തോളം വരുമോ മറ്റെന്തും?
അമ്മയെന്ന വേര് മക്കൾ
മറിഞ്ഞുവീഴാതിരിക്കാൻ
സ്നേഹമാകുന്ന മണ്ണാൽ ചേർത്തുപിടിക്കുന്നു.
ചെറുകാലൊന്നിടറിയ കൈത്താങ്ങാകുന്ന
ഭൂമിയിൽ കാണപ്പെടും ദൈവമാണമ്മ.



രേവതി വി
9 സി

# ലിറ്റിൽ കൈറ്റ്സ് കർമ്മ

# വീഥിയിലൂടെ........















# വർണക്കൂപിക















# എന്റെ അമ്മയെ സ്മാർട്ടാക്കാൻ.......

## ലിറ്റിൽ കൈറ്റ്സ് ഒരുക്കിയ പരിശീലനക്കളരിയിൽ.....


















# എന്റെ ഗുരുനാഥൻ.....

ഗാന്ധിജിയുടെ മഹത്വം പ്രഘോഷിക്കുന്ന വള്ളത്തോൾ കവിതയാണ് "എന്റെ ഗുരുനാഥൻ." അഹിംസ, പ്രേമം, ആത്മസമർപ്പണം, ജ്ഞാനത്തിലധിഷ്ഠിതമായ സമചിത്തത തുടങ്ങി ഏതൊക്കെ ഗുണഗണങ്ങളെയാണോ ഭാരതത്തിലെ മഹാത്മാക്കൾ പ്രതിനിധാനം ചെയ്യുന്നത്, അവയെ തന്റെ കവിതകളിൽ വള്ളത്തോൾ എല്ലായ്പ്പോഴും പ്രകീർത്തിക്കുന്നുണ്ട്. അദ്ദേഹം ഗാന്ധിജിയെ ഉള്ളഴിഞ്ഞാദരിച്ചതിന്റെ പ്രധാനകാരണം ആർഷഭാരതത്തിന്റെ ആദർശങ്ങൾ ഉടലെടുത്ത ഒരാളായി അദ്ദേഹം ഗാന്ധിജിയെ കണ്ടുവെന്നതാണ്. ഈ കാഴ്ചപ്പാടിനെ വിശദമാക്കുന്നതാണ് എന്റെ ഗുരുനാഥൻ എന്ന കവിത.

വള്ളത്തോൾ ഗാന്ധിജിയുടെ മഹത്വം വെളിപ്പെടുത്തുന്നു. ഗാന്ധിജിക്ക് ലോകം സ്വന്തം തറവാട്ടു പോലെയാണ്. ഈ ചെടികളും പുല്ലുകളും പുഴുക്കളുമെല്ലാം അദ്ദേഹത്തിന് സ്വന്തം കുടുംബക്കാരാണ്. ത്യാഗമാണ്, ത്യജിക്കുന്നതാണ് അദ്ദേഹത്തിന് നേട്ടം. എല്ലാം ത്യജിക്കാനും ഒന്നും തന്റേതല്ല എന്ന് കരുതുവാനും ആ കരുതലിലൂടെ നേട്ടങ്ങൾ കൈവരിക്കുവാനും അദ്ദേഹത്തിനു കഴിഞ്ഞു. താഴ്മയാണ്, എളിമയാണ്, അദ്ദേഹത്തിന്റെ ഉയർച്ച. കർമ്മയോഗത്തിൽ മുഴുകിയ ഗാന്ധിജി വിജയിക്കുന്നു. നക്ഷത്രമാലയണിയുന്നതിൽ ആസക്തിയോ, കാർമേഘം വ്യാപിച്ചാൽ അഴുക്കുപറ്റലോ ആകാശത്തിനില്ല. ഈ വിധം ഗാന്ധിജിക്ക് സുഖത്തിലോ, ദുഃഖത്തിലോ, സ്തുതിയിലോ, നിന്ദയിലോ സന്തോഷവും സന്താപവും ഒന്നുമില്ല. അദ്ദേഹം എപ്പോഴും ഏകാന്തനിർമ്മലനായി ചാഞ്ചല്യമില്ലാതെ നിലകൊള്ളുന്നു. സന്തുലിതമാണ് ഗാന്ധിജിയുടെ ദർശനം.

ആയുധമില്ലാതെ ധർമ്മയുദ്ധം നടത്തുന്നവനാണ് ഗാന്ധിജി. പുസ്തകമില്ലാതെ പുണ്യം പഠിപ്പിക്കുന്നവനും, പകർത്തുന്നവനുമാണ് ഈ ഗുരുനാഥൻ. ഔഷധമില്ലാതെ അദ്ദേഹം രോഗം ശമിപ്പിക്കുന്നു. ഹിംസയുടെ ദോഷമില്ലാതെ യജ്ഞം ചെയ്യുന്ന ശാശ്വതമായ അഹിംസയാണ് – ആ മഹാത്മാവിന്റെ വ്രതം. ശാന്തിയാണ് അദ്ദേഹം പണ്ടുമുതൽ ആരാധിക്കുന്ന പരദേവത. അഹിംസയാകുന്ന പടച്ചട്ട മതി ഏതു മൂർച്ചയേറിയ വാളിനെയും മെരുക്കിയെടുക്കുന്നതിന് എന്ന് അദ്ദേഹം നമ്മെ പഠിപ്പിച്ചു. ഭഗവത്ഗീതയ്ക്കു മാതാവായ ഭൂമിയേ ഇതുപോലൊരു കർമ്മയോഗിയെ പ്രസവിക്കൂ എന്നുള്ളത് ഉറപ്പാണ്. ഹിമവാന്റെയും, വിന്ധ്യന്റെയും മധ്യത്തിലുള്ള ഭാരതദേശത്തു മാത്രമേ ശാന്തത ശീലിച്ച ഇത്തരമൊരു സിംഹത്തെ കാണാൻ സാധിക്കൂ. ഗംഗയാറൊഴുകുന്ന നാട്ടിൽ മാത്രമേ ശരിക്കും ഇത്രമാത്രം ഐശ്വര്യം, നന്മകായ്ക്കുന്ന കല്പവൃക്ഷം ഉണ്ടായി വരികയുള്ളൂ. എല്ലാ ഗുണങ്ങളും തികഞ്ഞ ഗുരുനാഥനായാണ് വള്ളത്തോൾ ഗാന്ധിജിയെ വർണ്ണിക്കുന്നത്.

അഞ്ജന ജെ
9 ബി



# പ്രതീക്ഷയുടെ പൊൻപുലരി

1947 ആഗസ്റ്റ് പതിനാലാം തിയതി അർദ്ധരാത്രി ലോകം മുഴുവൻ നിദ്രയിലാണ്ടപ്പോൾ, രണ്ടു നൂറ്റാണ്ടുകാലം നീണ്ടുനിന്ന വിദേശാധിപത്യത്തെ തകർത്തെറിഞ്ഞ് ഭാരതം ഒരു പുത്തൻ യുഗത്തിലേക്ക് പ്രവേശിച്ചു. പാരതന്ത്ര്യത്തിന്റെ അന്ധകാരത്തിൽ നിന്ന് സ്വാതന്ത്ര്യത്തിന്റെ പൊൻവെളിച്ചത്തിലേക്ക് പാദമൂന്നിയ ഭാരതാംബിക അരനൂറ്റാണ്ടു പിന്നിട്ടിരിക്കുകയാണ്. അതെ, ഓരോ ആഗസ്റ്റ് പതിനഞ്ചിനും സ്വാതന്ത്ര്യദിനമാഘോഷിക്കുമ്പോൾ നാം ഈ സത്യം അയവിറക്കുന്നു. അഹിംസയുടെ വഴിത്താരയിൽ അടിവെച്ചു മുന്നേറിയ മഹാത്മജിയും, ആ തോളോടുചേർന്ന് നിന്ന് ധീരധീരം യത്നിച്ച ചാച്ചാജിക്കും, "സ്വാതന്ത്ര്യം നമ്മുടെ മൗലികാവകാശമാണ്" എന്നുറക്കെ പ്രഘോഷിച്ച ലോകമാന്യതിലകനും, "എനിക്കു രക്തം തരിക, ഞാൻ സ്വാതന്ത്ര്യം നേടിത്തരാം" എന്നു വിളിച്ചു പറഞ്ഞു ജനത്തെ സംഘടിപ്പിച്ച നേതാജി സുഭാഷ് ചന്ദ്ര ബോസും അവരോടൊപ്പം ജന്മനാടിനുവേണ്ടി ജീവനർപ്പിച്ച അനേകം വീരപുരുഷന്മാരും സ്വപ്നം കണ്ട സ്വതന്ത്രഭാരതം ഇന്നൊരു യാഥാർത്ഥ്യമാണ്.നമുക്ക് സ്വാതന്ത്ര്യത്തിന്റെ മഹത്വത്തെ ഉയർത്തിപ്പിടിക്കാം. "ഒരൊറ്റ ജനത ഒരൊറ്റ ഇന്ത്യ", എന്നായിരിക്കണം നമ്മുടെ മുദ്രാവാക്യം. എല്ലാ ഭേദവിചാരങ്ങളും മറന്ന് നമ്മുടെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കാൻ നാം തയ്യാറാകണം. നമ്മുടെ പൂർവികർ നേടിതന്ന സ്വാതന്ത്ര്യം പരിപാലിക്കാൻ നമുക്കു കഴിയുമെന്ന് തെളിയിക്കണം. നാടിന്റെ നന്മയ്ക്ക് ഉപകരിക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാൻ നമുക്കൊരുമിച്ച് പ്രയത്നിക്കാം.

ജയ് ഹിന്ദ്!



നന്ദന എം
9 ഇ

# പ്രളയം

പ്രളയം......
പിറന്ന നാടിൻ നട്ടെല്ലൊടിച്ച്–
പല പല പ്രാണനും കവർന്നൊരു
പ്രളയം.......
പെയ്തിട്ടും പെയ്തിട്ടും തോരാത്ത
മഴ....
ദിശയറിയാതൊഴുകും പുഴ
കവിഞ്ഞൊഴുകുന്ന
അണക്കെട്ടുകൾ......
ഉറക്കമൊഴിഞ്ഞ രാവുകൾ
വിശപ്പിന്റെ വിളി....
മരണത്തിന്റെ കാലൊച്ച....
പൊട്ടിയൊലിച്ച മാമലകൾ..
കൂട് നഷ്ടപ്പെട്ടവർ....
കൂട്ട് നഷ്ടപ്പെട്ടവർ....
തന്നാലായതുകൊണ്ട്
താങ്ങായ് നിന്നവർ....
തണലായ് നിന്നവർ....
അതിർത്തി കടന്നുമെത്തിയ
സ്നേഹങ്ങൾ...
ദൈവത്തിൻ 'കൈ' നീട്ടിയവർ
രാവിനെ പകലാക്കിയ
ഇടക്കാല വസതികൾ....
നമ്മളൊന്നായി നിന്നു....
മനുഷ്യരായി....
മഴ തോർന്നു....
പുഴയ്ക്ക് വഴി തെളിഞ്ഞു....
എന്നിട്ടുമിതിനിടെ പ്രളയം....
ജാതി ചിന്തയുടെ,
മത ഭ്രാന്തിന്റെ പ്രളയം....
പിറന്ന നാടിൻ നട്ടെല്ലൊടിച്ച്–
പല പ്രാണനും കവർന്നൊരു പ്രളയം.



സോന എം ജെ
9 ബി

# ബലൂൺ

പുത്തനുടുപ്പിട്ട് അപ്പച്ചന്റേം അമ്മച്ചിടേം കൈ പിടിച്ച് പള്ളി പെരുന്നാൾ കാണാൻ വന്നതാണ് അന്നക്കുട്ടി. ആ ഏഴു വയസ്സുകാരിയുടെ കണ്ണുകൾ പല വർണ്ണങ്ങളിലുള്ള മാല ബൾബുകളിലേക്കും കളിപ്പാട്ടങ്ങളിലേക്കും പാഞ്ഞു. പുത്തൻ പടിക്കലേ കൊച്ചുവറാനും മേരിക്കും പത്ത് വർഷത്തെ കാത്തിരിപ്പിനൊടുവിൽ കിട്ടിയതാണ് അന്നക്കുട്ടിയെ. അതിന്റേതായ അമിത ലാളനയും കരുതലും എന്നുമവർക്കുണ്ട്. അവൾ ആഗ്രഹിച്ചതെല്ലാം അവളുടെ കൈയ്യിലെത്തി.

അങ്ങനെ രസിച്ചങ്ങു നടക്കുമ്പോഴാണ് അവളത് കണ്ടത് 'ചുവന്ന ബലൂൺ'. അത് അവളെ ഏറെ ആകർഷിച്ചു. ഏകദേശം അന്നക്കുട്ടിയുടെ അതേ പ്രായമുള്ളൊരു കുട്ടി. പല വർണ്ണങ്ങളിലുള്ള ബലൂൺ വിൽക്കാൻ നടക്കുകയായിരുന്നു. അവളുടെ കണ്ണുകൾക്ക് അന്നക്കുട്ടിയുടത്ര തിളക്കമില്ല. കളിച്ചു രസിച്ചു നടക്കേണ്ട ഈ പ്രായത്തിൽ ബലൂൺ വിൽക്കാനുള്ള തത്രപ്പാടിൽ ഓടുകയാണാകുട്ടി. വാങ്ങിക്കൂട്ടിയ കളിപ്പാട്ടങ്ങളിൽ ഒരു ചുവന്ന ബലൂണുകൂടി കൂട്ടിച്ചേർത്ത് അവൾ നടന്നു. ജനസാഗരത്തിന്റെ തിക്കിലും തിരക്കിലും പെട്ട് ആ ചുവന്ന ബലൂൺ പൊട്ടിപ്പോയി. അവിടെ ആ അന്തരീക്ഷത്തിൽ ഒരു കൊച്ചു നെഞ്ചിലെ ശ്വാസം അലിഞ്ഞില്ലാതായി.



അക്ഷയ ഡി

9 ബി

# രക്ഷിതാക്കൾക്കും വേണം കമ്പ്യൂട്ടർ അറിവ്...

കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും ഉപയോഗത്തെക്കുറിച്ച് വേണ്ടത്ര അറിവ് പല അച്ഛനമ്മമാർക്കും ഇല്ല. അവരുടെ പഠനത്തിലും ജീവിതത്തിലുമെല്ലാം കമ്പ്യൂട്ടറിന്റെ സ്വാധീനം കുറവായിരിക്കാം. എന്നാൽ മക്കളുടെ കാര്യം വ്യത്യസ്തമാണ്. ഇന്റർനെറ്റ് യുഗത്തിൽ ജനിച്ച് ജീവിക്കുന്നവരാണവർ. ഈ ഒരു സാങ്കേതിക വിടവ് പല കുടുംബങ്ങളിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

കുട്ടികളുടെ ഇന്റർനെറ്റ് ഉപയോഗത്തെ കുറിച്ച് ഭൂരിഭാഗം മാതാപിതാക്കൾക്കും അറിവില്ല. പലരും അത്തരം കാര്യങ്ങൾ ശ്രദ്ധിക്കാറുമില്ല. അല്ലെങ്കിൽ അവർ കുട്ടികളെ കണ്ണുമടച്ച് വിശ്വസിക്കുന്നു. രക്ഷിതാക്കളുടെ ഈ അറിവില്ലായ്മയും കുട്ടികൾ മുതലെടുക്കുന്നുണ്ട്.

കമ്പ്യൂട്ടറിനെക്കുറിച്ചും ഇന്റർനെറ്റിനെക്കുറിച്ചും അച്ഛനമ്മമാർ അറിയണം. അതിന് വലിയ സാങ്കേതിക ജ്ഞാനമൊന്നും വേണ്ട. ചെറിയ കാര്യങ്ങളിലൂടെ ഇതിനെ കുറിച്ച് മനസ്സിലാക്കാവുന്നതാണ്. കമ്പ്യൂട്ടർ സാക്ഷരത നേടാൻ മാതാപിതാക്കൾ ഇനിയും വൈകിക്കൂടാ. കുട്ടികൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നതിനെ കണ്ണടച്ച് എതിർക്കേണ്ടതില്ല. അത്തരം നിയന്ത്രണങ്ങൾ ഉദ്ദേശിച്ചഫലം നൽകുകയുമില്ല. ഇന്റർനെറ്റിലെ ലോകം വിശാലമാണെന്നത് ഓർക്കുക.



ഷാഹിന എ

9 എഫ്

# മാറേണ്ട ലോകം...

ആരേ നീ ഭയക്കുന്നു...

എന്തിനു നീ അകലുന്നു...
ഈശ്വരൻ വർഷിച്ച അനുഗ്ര-
ഹത്തെ നീ ആർക്കുവേണ്ടി മാറ്റുന്നു.
നിന്റെ അലസത നിന്നെ
ചെടിയിൽ നിന്നും പുല്ലാക്കുന്നു.
തെറ്റുമെന്നാണ് നിൻ ഭയമെങ്കിൽ,
തെറ്റുതിരുത്തുമെന്നുവേണം നിൻ
ജീവിതത്തിൽ. തീക്ഷണമായി ജ്വലിക്കുന്ന
സൂര്യനെപ്പോലെ നീ പരിശ്രമിക്കു...
നീരാവിയായി ഉയരുക വാനിൽ...
മേഘമായി ശേഖരിക്കു നിൻ അറിവിനെ
മഴയായ് പകർന്നു നൽകു നിൻ ജ്ഞാനത്തെ
എന്തിനകലണം...
ആരെ ഭയക്കണം...
പ്രകടിപ്പിക്കുക നിൻ കഴിവുകളെ
ഈ ലോകത്തിനു മുന്നിൽ.
തിരിച്ചറിയുമീ ലോകം ഒരിക്കൽ നിന്നെ.



ശ്രീലക്ഷ്മി
9 ഇ

# സുവർണ്ണാവസരങ്ങൾ

ഉദ്വേഗജകമായ ഒരു ഓട്ടമത്സരത്തിന്റെ അവസാന മിനിറ്റുകൾ. സ്റ്റേഡിയത്തിലെ മുഴുവൻ ആളുകളുടെയും ശ്രദ്ധ ഒന്നാമതായി ഓടിക്കൊണ്ടിരിക്കുന്ന കെനിയക്കാരനായ എയ്ബൽ മുത്തായിലാണ്. ഒളിമ്പിക് മെഡൽവരെ കരസ്ഥമാക്കിയിട്ടുള്ള അദ്ദേഹത്തിന്റെ വിജയം സുനിശ്ചിതം. കാരണം ഫിനിഷിങ്ങ് പോയിന്റിലെത്താൻ ഇനി അദ്ദേഹം ഓടേണ്ടത് വെറും പത്തു മീറ്റർ. പെട്ടെന്നാണ് അത് സംഭവിച്ചത്. അദ്ദേഹം ഓട്ടം നിർത്തി പതിയെ ട്രാക്കിൽനിന്നും മാറുകയാണ്. എന്തോ തെറ്റിദ്ധാരണയിൽ താൻ ഒന്നാമതായി മത്സരം പൂർത്തിയാക്കി-യെന്നായിരുന്നു അദ്ദേഹം കരുതിയിരുന്നതെന്നു തീർച്ച. തൊട്ടു പിറകിലായി ഓടിക്കൊണ്ടിരുന്ന സ്പെയിനിന്റെ ഇവാൻ ഫെർണാണ്ടസ് അനായയ്ക്ക് ഒന്നാമനാകാൻ ഇത് ഒരു സുവർണ്ണാവസരംതന്നെ. എന്നാൽ സംഭവിച്ചത് മറ്റൊന്നായിരുന്നു. അനായ അദ്ദേഹത്തിനടുത്തുകൂടി ചെന്ന് ആംഗ്യത്തിലൂടെയും മറ്റും തെറ്റ് ബോധ്യപ്പെടുത്തി ട്രാക്കിലേക്കു നയിച്ചു.

അനർഹമായ നേട്ടം സ്വന്തമാക്കാതിരിക്കാനും മത്സരത്തിലെ എതിരാളിക്കുപോലും അർഹതപ്പെട്ടത് നല്കാനും അനായ കാണിച്ച സന്മനസ്സ് എത്രയോ വലിയ മാതൃകയാണ് നമുക്ക് തരുന്നത്. ഇങ്ങനെ നന്മ ചെയ്യാനുള്ള സുവർണ്ണാവസരങ്ങൾ നമുക്കും ലഭിക്കാറില്ലേ? നന്മ ചെയ്ത് നമുക്കും ശാശ്വത സന്തോഷം അനുഭവിക്കാം.



ട്രീസ ടീറ്റസ്
9 ഇ

# ബാല്യം

ജീവിതത്തിലെ ഏറ്റവും നിറമുള്ള കാലമാണ് ബാല്യം. ആ നാളുകൾ എത്ര വലുതായാലും നാം മറക്കില്ല. അച്ഛനമ്മമാരുടെയും, സഹോദരങ്ങളുടെയും മുത്തശ്ശി മുത്തച്ഛന്മാരുടെയും കൂടെ കളിച്ചും ചിരിച്ചും കരഞ്ഞും വഴക്ക് കൂടിയും ഓടിച്ചാടി നടന്ന ആ നാളുകൾ.

കളർപെൻസിൽ കൊണ്ട് മാരിവില്ല് തീർത്തതും, കളിമണ്ണുകൊണ്ട് വീടുണ്ടാക്കിയതും കളിച്ചുല്ലസിച്ച ആ നാളുകൾ കാണുന്നതിലെല്ലാം നൂറുനൂറു സംശയങ്ങൾ. ചോദ്യങ്ങൾ ചോദിച്ച് മുതിർന്നവരെ കുഴപ്പിച്ച കാലം. കാറ്റിനോടും..... മരത്തിനോടും മഴയോടും മണ്ണിനോടും മഴവില്ലിനോടും പൂവിനോടും പൂമ്പാറ്റയോടും എന്തിന് കുറ്റിച്ചെടിയോടുപോലും മതിയാവോളം സംസാരിച്ച കാലം. ഒന്നിനെയും ഭയപ്പെടാതെ ഒന്നും ഓർത്ത് വീർപ്പുമുട്ടാതെ നടന്ന കാലം. വീട്ടിലും സ്കൂളിലുമായി കാണിച്ച എത്രയോ കുറുമ്പുകൾ. അത് കണ്ടുപിടിച്ചാൽ തല്ല് കിട്ടാതിരിക്കാൻ കാണിക്കുന്ന കള്ളക്കരച്ചിൽ. ഇടറുന്ന മനസ്സോടെയല്ലാതെ ഓർക്കാനാവുമോ ആ നാളുകൾ...? തിരിച്ചുവരില്ല എന്നറിഞ്ഞിട്ടും ഒരിക്കലെങ്കിലും നാം ആഗ്രഹിക്കാറില്ലേ.... തിരിച്ച് കിട്ടിയിരുന്നുവെങ്കിൽ എന്ന്? ആ നിഷ്കളങ്കത നമ്മിൽ നിന്നും മറയുമ്പോൾ നാം കള്ളനും കൊലപാതകിയും ആയി മാറുകയാണ്.



രേവതി പി
9 ഇ

# പാട്

മറക്കാതിരിക്കേണ്ട പാട് ? : കടപ്പാട്
മറ്റുള്ളവരോട് നന്നായി ചെയ്യേണ്ട പാട് ? : ഇടപാട്
ആഗ്രഹിച്ചത് കിട്ടാൻവേണ്ടി നടത്തുന്ന പാട് ? : വഴിപാട്
വിഷമത്തിലാക്കുന്ന പാട് ? : കഷ്ട്ടപ്പാട്
നമ്മെ പിന്തുടരുന്ന പാട് ? : കാൽപ്പാട്
സങ്കടപ്പെടുത്തുന്ന പാട് ? : വേർപാട്
തുള്ളുന്ന പാട് ? : വെളിച്ചപാട്
യാത്രയാകുന്ന പാട് ? : പുറപ്പാട്
എണ്ണത്തിൽ കൂടുതലുള്ള പാട് ? : ഒരുപാട്
ദിവസവും നാം മറക്കാതെ തീർക്കുന്ന പാട് ? : ശാപ്പാട്



സുനിഷ
9 ബി

# ഗിത്താർ

സംഗീതലോകത്തെ പ്രധാന ഉപകരണമായ ഗിത്താറിന്റെ ഉത്ഭവം പുരാതന ഈജിപ്തുക്കാരിൽ നിന്നാണെന്ന് ചില ചരിത്രകാരന്മാർ വാദിക്കുന്നു. ഏതാണ്ട് 5000 വർഷങ്ങൾക്കു മുമ്പുതന്നെ അവിടെ ഉള്ളവർ മരത്തടി ഉപയോഗിച്ച് ഗിത്താറുകൾ നിർമ്മിച്ചിരുന്നുവെത്രേ. ഇന്നത്തെ ഗിത്താറിന്റെ യാത്രാവിതി ആദ്യകാല ഗിത്താറുകൾക്കില്ലായിരുന്നു. ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്ന ഗിത്താറുകൾ ഒന്നു മുതൽ അഞ്ചുവരെ കമ്പികൾ ഉപയോഗിച്ചതായി കണ്ടെത്തിയിട്ടുണ്ട്. പതിനാറാം നൂറ്റാണ്ട് ആയപ്പോഴേക്കും ഗിത്താർ സംഗീതത്തിൽ ഇറ്റലി പ്രധാന സ്ഥാനം വഹിക്കാൻ തുടങ്ങി. ഇരുപതാം നൂറ്റാണ്ടിൽ ഇലക്ട്രിക്ക് ഗിത്താർ രംഗത്തിറങ്ങി. സാധാരണ ഗിത്താറുകളെ അപേക്ഷിച്ച് ഇലക്ട്രിക്ക് ഗിത്താർ സംഗീതലോകത്തിലെ പ്രധാനഘടകമായി ഇപ്പോഴും നിലകൊള്ളുന്നു.



അപർണ വി

9 ഇ

# അനുഭവം ഗുരു

ചെറുപ്പം മുതൽ കുട്ടികൾ സ്വന്തം അനുഭവങ്ങളിലൂടെ പലതും പഠിക്കുന്നുണ്ട്. പൂന്തോട്ടത്തിലെ റോസാച്ചെടിയിൽ നിന്നും കൈയിൽ മുള്ളു കൊള്ളുന്ന കുട്ടി, പിന്നീട് അൽപ്പം കരുതിയെ അതിന്റെ അടുത്തു പോകൂ. കുട്ടികളുടെ പെരുമാറ്റത്തെക്കുറിച്ച് പറയുമ്പോൾ ഏറ്റവുമധികം ഉപയോഗിക്കപ്പെടുന്ന വാക്കാണ് അച്ചടക്കം. കുറച്ചധികം ബഹളം വച്ചാൽ മുതിർന്നവരുടെ കണ്ണിൽ അവൻ അച്ചടക്കമില്ലാത്ത കുട്ടിയാകുന്നു. കൊച്ചുകുട്ടികളുടെ വികൃതിക്കും അനുസരണക്കേടിനും കാരണം അച്ചടക്കമില്ലായ്മയല്ല. വടിയെടുത്താൽ കുട്ടി മര്യാദക്കാരനാകും എന്നാണ് പല മാതാപിതാക്കളുടെയും ധാരണ. എന്താണു ചെയ്യാൻ പാടില്ലാത്തത്, എന്താണ് ചെയ്യാവുന്നത് എന്നീ വേർതിരിവുകൾ കുട്ടികൾക്കറിയില്ല. വികൃതി കാണിച്ചാൽ സംഭവിക്കുന്ന കുഴപ്പങ്ങളെക്കുറിച്ചും അവർ ബോധവാന്മാരല്ല.

ചുറ്റുപാടുമുള്ള വസ്തുക്കൾ തിരിച്ചറിയുക, സംഭവങ്ങളുടെ തുടർച്ച മനസ്സിലാക്കുക, കാര്യകാരണങ്ങൾ മനസ്സിലാക്കുക, എങ്ങനെ പ്രവർത്തിക്കണമെന്ന് അറിയുക – ഈ നാലു കാര്യങ്ങളിലൂടെയാണ് ബുദ്ധിശക്തി വളരുന്നത് എന്നാണ് വിദഗ്ധരുടെ അഭിപ്രായം. കുട്ടികൾ പുറംലോകവുമായി ഇടപഴകട്ടെ. അത് കുഞ്ഞുകൾക്ക് ഓരോ പുതിയ അറിവുകൾ നൽകും. പക്ഷേ, എല്ലായിടത്തും മാതാപിതാക്കളുടെ ഒരു കണ്ണുണ്ടാകണം എന്നു മാത്രം!



അർച്ചന ആർ
9 ബി

# ഇന്ത്യാനെറ്റ്

സാങ്കേതികവിദ്യയിൽ ഇന്ത്യ ഇന്ന് ഏറെ വളർന്നു കഴിഞ്ഞിരിക്കുന്നു. ഇന്ത്യയുടെ ആദ്യത്തെ സൂപ്പർ കമ്പ്യൂട്ടറാണ് പരം-8000(പാരലൽഡ് മെഷീൻ). 1995-ലാണ് ഇന്ത്യയിൽ ഇന്റർനെറ്റ് നിലവിൽവന്നത്. വി.എസ്.എൻ.എൽ എന്ന സ്ഥാപനമാണ് ഇന്ത്യയിൽ ഇന്റർനെറ്റ് നിയന്ത്രിക്കുന്നത്. സൈബർ നിയമങ്ങൾ പ്രാബല്യത്തിലുള്ള ദക്ഷിണേഷ്യയിലെ ഏക രാജ്യം ഇന്ത്യയാണ്. സൈബർ ഗ്രാമീൺ പദ്ധതി നടപ്പിലാക്കിയ സംസ്ഥാനമാണ് ആന്ധ്രാ പ്രദേശ്. ഇന്റർനെറ്റുവഴി കോഴ്സുകൾ ആരംഭിച്ച ആദ്യ ഇന്ത്യൻ സർവകലാശാലയാണ് ആന്ധ്രാ സർവകലാശാല.

ശാസ്ത്രസാങ്കേതികവിദ്യയിലും ഇന്ത്യ ഒട്ടും പുറകിലല്ല. ഗൂഗിൾ എർത്തിന് സമാനമായ ഇന്ത്യയുടെ സോഫ്റ്റ് വെയറാണ് 'ഭുവൻ.' ഈ സോഫ്റ്റ് വെയർ നിലവിൽ വന്നത് 2009 ആഗസ്റ്റ് 19-നാണ്. ഭുവൻ വികസിപ്പിച്ചെടുത്തത് ഐ.എസ്.ആർ.ഓ ആണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് ഐ.ടി മേഖലയെ കൂടുതൽ അടുത്തറിയാൻ വേണ്ടി കേന്ദ്ര സർക്കാർ ഒരുപാട് ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഇന്ത്യയിലെ ആദ്യത്തെ ടെക്നോപാർക്ക് 1995-ൽ തിരുവനന്തപുരത്ത് നിലവിൽ വന്നു. 2002-ൽ കേരളത്തിൽ IT @ school പദ്ധതി ആരംഭിച്ചു. '

ക്ലാസ്മേറ്റ് 'എന്ന പേരിൽ സ്കൂൾ വിദ്യാർത്ഥികൾക്കായി പേഴ്സണൽ കമ്പ്യൂട്ടറുകൾ നിലവിൽവന്നു. ദേശീയ സ്കൂൾ വൽക്കരണ പദ്ധതിയാണ് വിദ്യാവാഹിനി. വിദ്യാർത്ഥികൾക്ക് കുറഞ്ഞ ചെലവിൽ കമ്പ്യൂട്ടർ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണ് ആകാശ് ടാബ്ലറ്റ് പദ്ധതി. ആശുപത്രികളിലും ഇന്ത്യയുടെ സാങ്കേതിക വളർച്ച പ്രകടമാണ്. ഇന്ത്യയിൽ ആദ്യമായി റോബോട്ടിനെ ഉപയോഗിച്ച് ശസ്ത്രക്രിയനടത്തിയ ആശുപത്രിയാണ് എ.ഐ.ഐ.എം.എസ്.

ഇന്ത്യ ഇന്നും വളർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇന്റർനെറ്റിന്റെ ദുരുപയോഗവും വളരുന്നു. ഇന്ത്യയെ ഉയരങ്ങളിലേക്ക് എത്തിക്കുകയും പുതുതലമുറകൾക്ക് അറിവു പകർന്നു കൊടുക്കേണ്ടതും നമ്മൾ ഓരോരുത്തരുമാണ്.



അക്ഷയ ചന്ദ്രൻ
9 ബി

# അമ്മ

എനിക്കായ് മാത്രം ജനിച്ചവൾ
എനിക്കായ് മാത്രം ജീവിച്ചിരിപ്പവൾ
എൻ ജീവനു വേണ്ടി കേഴുന്നവൾ
എന്റെ വെളിച്ചം നീ
എന്റെ സ്വപ്നം നീ
എന്റെ പ്രാണൻ നീ....
എൻ നിറവിളക്കു നീ....
ആരാണ് എൻ പ്രിയ സഖി....
ആരു സ്നേഹിച്ചാലും
ആരു പിണങ്ങിയാലും
ആരു തട്ടത്താലും
ആരു തലോടിയാലും
ആർക്കു വേണ്ടെങ്കിലും
നിനക്കരുകിൽ
രാവിലും പകലിലും
മരണം വരെ....
ഞാനുണ്ട് കൂടെ....
താങ്ങായ്...തണലായ്...



സിബിത സി ബി
9 ഇ

# പഴഞ്ചൊല്ലുകൾ

- അകലെയുള്ള ബന്ധുവിനേക്കാൾ നല്ലത് അടുത്തുള്ള ശത്രുവാണ്.
- അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല.
- അഴകുള്ള ചക്കയിൽ ചുളയില്ല.
- അങ്ങാടിയിൽ തോറ്റതിന് അമ്മയോട്.
- ആന കൊടുത്താലും ആശ കൊടുക്കരുത്.
- ആന വായിൽ അമ്പഴങ്ങ.
- ആലിൻകായ പഴുത്തപ്പോൾ കാക്കയ്ക്ക് വായിൽ പുണ്ണ്.
- ആരാന്റെ അമ്മയ്ക്ക് ഭ്രാന്തായാൽ കാണാൻ നല്ല ചേല്.
- ആവശ്യക്കാരന് ഔചിത്യം പാടില്ല.
- ഉപ്പുപോലെ വരുമോ ഉപ്പിലിട്ടത്.
- ഉർവ്വശീ ശാപം ഉപകാരം.
- അമ്മയ്ക്ക് പ്രസവവേദന മകൾക്ക് വീണവായന.
- അരമന രഹസ്യം അങ്ങാടിപ്പാട്ട്.
- പട പേടിച്ച് പന്തളത്ത് പോയപ്പോൾ അവിടെ പന്തം കൊളുത്തിപ്പട.
- പാലം കടക്കുവോളം നാരായണ പാലം കടന്നാൽ കൂരായണ.
- പുത്തനച്ചി പുരപ്പുറം തൂക്കും.
- പൂച്ചയ്ക്കെന്ത് പൊന്നുരുക്കുന്നിടത്ത് കാര്യം.
- മടിയൻ മല ചുമക്കും.
- മിണ്ടാപ്പൂച്ച കലമുടക്കും.
- മിന്നുന്നതെല്ലാം പൊന്നല്ല.
- മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.
- വല്ലഭന് പുല്ലും ആയുധം.
- വിദ്യാധനം സർവ്വധനാൽ പ്രധാനം.

# കാഴ്ച്ചകൾ

കണ്ണുകളിൽ കാഴ്ചകൾ ധാരാളമുണ്ട്. അതിൽ ചിലത് വേദനിപ്പിക്കുന്നതും മറ്റുചിലത് നനവുള്ളതുമാകുന്നു. മൂർച്ചയുള്ള ആയുധങ്ങൾ ശിരസ്സിൽ ഉള്ളപ്പോൾ കാഴ്ചകൾ ഒന്നല്ല ഒന്നിൽ കൂടുതൽ ആകാം. ചില കാഴ്ചകൾ കണ്ണുകൾ കൊണ്ട് തൊട്ടറിഞ്ഞതും, അതെ കണ്ണുകൾ കൊണ്ട് പ്രപഞ്ചത്തെ അതിന്റെതായ ശക്തി കൊണ്ട്  മറച്ചതും. മഴക്കാറുള്ള മഴവില്ലല്ല, വെറും കാർമേഘങ്ങൾ മാത്രം. ഇടിവെട്ടും മിന്നലും വെളിച്ചവും ഉള്ള ഒരു പാവം കുരുടന്റെ ഇരുണ്ട കാഴ്ചകൾ. എല്ലാം അന്ധതയുടെ മായാജാലം. കണ്ണുകൾ തളരുമ്പോൾ മനസ്സ് അതിന്റെ ശക്തി തെളിയിക്കുവാൻ കാതിനോട് യാചിക്കുന്നു. യാചന ഒരു കുറ്റം എന്ന് അറിഞ്ഞുകൊണ്ട് കണ്ണ് വീണ്ടും വീണ്ടും യാചിക്കുന്നു.

കണ്ണുകൾ തളർന്നു എന്ന് പറയാൻ വയ്യാതെ ഒരു ദൃശ്യം –അതു മാത്രം ആണ് കാഴ്ച്ച. എനിക്ക് ഇപ്പോൾ കാണാം കണ്ണുകളിൽ ഇരുട്ടും വെളിച്ചവും ചേർന്ന മഴവില്ലിന്റെ നിറങ്ങളുള്ള കാഴ്ചകൾ.



ലയ ശശി
9 ഇ

# കൃഷി മൊഴികൾ

- വിത്തുഗുണം പത്തുഗുണം.
- അരി വിതച്ചാൽ നെല്ലാവുമോ?
- വിത്താഴം ചെന്നാൽ പത്തായം നിറയും.
- അമരവിത്തും കുരുത്തക്കേടും കുറച്ചുമതി!
- കർക്കിടത്തിൽ ചേന കുട്ടണം.
- കുംഭത്തിൽ ചേന നട്ടാൽ കുടത്തോളം.
- നിലമറിഞ്ഞ് വിത്ത് വിതക്കണം.
- വിളയും വിത്ത് മുളയിലറിയാം.
- മുൻവിള പൊൻവിള.
- അശ്വതിയിലിട്ട വിത്തും ഭരണിയിലിട്ട മാങ്ങയും കേടുവരില്ല.

" എനിക്കുണ്ടൊരു ലോകം
നിനക്കുണ്ടൊരു ലോകം
നമുക്കില്ലൊരു ലോകം".
-കുഞ്ഞുണ്ണിമാഷ്

# ചിരിക്കാൻ.... രസിക്കാൻ......

- ഭാര്യ ഭർത്താവിന്റെ കുഴിമാടത്തിൽ ഇരുന്ന് കരഞ്ഞുകൊണ്ട് പറയുന്നു:

  "നമ്മുടെ കുഞ്ഞുമകൻ സ്കൂളിലേക്ക് പുതിയ ഷൂസ് ചോദിച്ചുകൊണ്ടിരിക്കുന്നു. മകൾ അവൾക്ക് മൊബൈൽ ഫോണിനായി നിരന്തരം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നു.
  എനിക്കാണെങ്കിൽ വസ്ത്രങ്ങളെല്ലാം പഴയതായി പോയല്ലോ..."

  അപ്പോൾ കുഴിയിൽ നിന്ന് കനത്ത ശബ്ദം വന്നു.....
  "മരിച്ചു പോയതാണ്, ഗൾഫിൽ പോയതല്ല"

- കോഫി ഷോപ്പിൽ ഇരിക്കുമ്പോൾ ഒരു പെൺകുട്ടി വന്ന് എന്നോട് ചേട്ടൻ സിംഗിൾ ആണോന്ന് ചോദിച്ചു. ഞാൻ ഇത്തിരി നാണത്തോടെ യെസ് എന്നു പറഞ്ഞു. ഉടൻ ആ പിശാച് മുമ്പിലിരുന്ന ഒരു ചെയർ അങ്ങെടുത്തോണ്ടു പോയി.

- ടിന്റുമോൻ: അച്ഛാ, നാളെ എന്റെ സ്കൂളിൽ ഒരു ചെറിയ പി ടി എ മീറ്റിംഗ് കൂടി ഉണ്ട്....
  അച്ഛൻ: അതെന്താടാ പി ടി എ മീറ്റിംഗ് ഇത്ര ചെറുതായിപ്പോയത്???
  ടിന്റുമോൻ: അത്....,അച്ഛനും ഞാനും പ്രിൻസിപ്പലും മാത്രമേ ഉള്ളു.....
  അതാ!!!

- ടീച്ചർ: ചൂടാക്കുമ്പോൾ ഖരരൂപത്തിലാകുന്ന ദ്രാവകം ഏതാണ്?
  ടിന്റുമോൻ: ദോശ!!!

- ജനിച്ചത് പെൺകുട്ടിയാണെന്ന് തെറ്റിദ്ധരിച്ച് കുറച്ച് മിഡി അച്ഛൻ വാങ്ങി വന്നു. ഇതു കണ്ട അമ്മ ചോദിച്ചു ആർക്കാണ് ഈ മിഡി എന്ന്. അതിന്റെ സ്മരണയിൽ അവർ മകന് പേരിട്ടു....
  ആർക്കീ മിഡീസ്

- സയൻസ് എക്സാമിന് 0 മാർക്ക് കിട്ടിയ ടിന്റുമോനോട് .....
  അച്ഛൻ:എന്തു പറ്റിയതാടാ?
  ടിന്റുമോൻ: അച്ഛാ, ശാസ്ത്രം ജയിച്ചു, മനുഷ്യൻ തോറ്റു....!!

- സ്കൂളുകളിലും കോളേജുകളിലും ലഹരി മരുന്നുകളുടെ ഉപയോഗം വളരെ കൂടുന്നു....പക്ഷെ ഞാനൊക്കെ സ്കൂളിൽ പഠിക്കുന്ന കാലത്ത് പുസ്തകം തന്നെ ഒരു ലഹരി ആയിരുന്നു...
  ഒരു പ്രാവശ്യം ഒന്നു തുറന്നു നോക്കിയാൽ മതി, പിന്നെ പറയണ്ട. ഉറക്കവും മയക്കവും!! ഇപ്പോഴത്തെ ബുക്കിനൊക്കെ എന്തു പറ്റി????

- ആശുപത്രിയിൽ കിടക്കുന്ന സോമനോട്,

ശശി: എന്നാ പറ്റിയതാടാ ഉവ്വേ?

സോമൻ: എന്നാ പറയാനാ.....തോമാച്ചന്റെ ഷോപ്പിംഗ് മാളിന്റെ പണി നടക്കുവല്ല്യേ. അതിന്റെ അഞ്ചാം നിലയിൽ നിൽക്കുമ്പോ താഴെ പുഷ്കരൻ നിൽക്കുന്നത് കണ്ടു. ഞാൻ ഉറക്കെ "പുഷ്കരോ" എന്നൊന്ന് വിളിച്ചതാ.
അടുത്ത് നിൽക്കുന്ന ബംഗാളി പയ്യൻ തള്ളി താഴെ ഇട്ടു......!!!

" നിനക്ക് ജീവിക്കാനാവില്ല എന്ന് കരുതി
നിന്റെ ആദർശങ്ങളെ താഴ്ത്തിക്കെട്ടരുത്”.
-ഗാന്ധിജി

# പ്രതീക്ഷ

എൻ പ്രതീക്ഷകൾ വീണ്ടടഞ്ഞ

ആ ഇരുളിന്റെ രാവുകളിൽ
എത്ര കാത്തിരുന്നു ഞാൻ നിനക്കുവേണ്ടി
എൻ അനിയത്തിക്കുട്ടി നീയെങ്ങു മറയുന്നു.
എൻ മിഴി നിറച്ച് നീയെങ്ങുമറയുന്നു
അമ്മതൻ കണ്ണീർ നിൻമേനിയിൽ വീഴവേ
നീയുറങ്ങികിടക്കയോ
ഒരിക്കലും തുറക്കാത്ത നിൻ മിഴികൾ
എനിക്കൊന്നു തുറന്നു കാണുവാൻ മോഹം
ആരെൻ പ്രതീക്ഷകൾ തട്ടിപ്പറിക്കുന്നു
നിൻ കൂടെ കളിക്കാനുള്ള എന്റെ മോഹം
എങ്ങു നീ കവർന്നുകൊണ്ടു പോവുന്നു
താതൻ തൻ നമ്മളിലെ പ്രതീക്ഷകൾ
എങ്ങോ വീണ്ടടഞ്ഞുപോയ്
വർഷങ്ങളായുള്ള ഞങ്ങളുടെ പ്രതീക്ഷകൾ
ആരോ കവർന്നെടുത്തു
നിന്നെ കൂടാതെ ജീവിച്ചുതീർക്കുന്നതെങ്ങിനെയാണോ
അമ്മതൻ പുതിയ പ്രതീക്ഷകൾ തളിർക്കുവാൻ
ഞാൻ ആശിച്ചു നിൽക്കുന്നു
എന്റെ പ്രതീക്ഷകൾ തൻ വേലിയേറ്റങ്ങൾ
എന്നിലെ എന്നെ നോവിച്ചിടുന്നിതെപ്പോഴും.



ആദിത്യ കെ
9 ബി

# മൂന്നാമന്റെ ഭാവന

ഒരു ഭ്രാന്താശുപത്രിയിൽ 3 രോഗികൾക്ക് ഒരു പരീക്ഷ നടത്തുവാൻ ഡോക്ടർ തീരുമാനിച്ചു. പരീക്ഷയിൽ വിജയിച്ചാൽ എന്നന്നേയ്ക്കുമായി ആശുപത്രി വിടാം. പരാജയപ്പെട്ടാൽ തുടർന്നുള്ള ജീവിതം അവിടെ തന്നെ കഴിയേണ്ടി വരും. പരീക്ഷ ഇതായിരുന്നു; വളരെ ഏറെ ആഴമുള്ള, എന്നാൽ ഒരു തുള്ളി വെള്ളം ഇല്ലാത്ത ഒരു സ്വിമ്മിംഗ് പൂളിന്റെ അടുക്കൽ കൊണ്ടുചെന്നു അവരെ നിർത്തിയ ശേഷം അതിലേക്ക് എടുത്തു ചാടുവാൻ ഡോക്ടർ ആവശ്യപ്പെട്ടു.

ആദ്യ രോഗി പൂളിലേക്ക് തല കീഴായി ഡൈവ് ചെയ്തു ചാടി. ഗുരുതരമായി പരുക്കേറ്റ അയാളെ ആശുപത്രിയിലാക്കി.

രണ്ടാമത്തെ രോഗിയും ചാടി കൈയും കാലും ഒടിഞ്ഞ് ആശുപത്ത്രിയിലായി.

എന്നാൽ മൂന്നാമത്തെ രോഗിയോട് ചാടാൻ ഡോക്ടർ ആവശ്യപ്പെട്ടപ്പോൾ അയാൾ വിസ്സമതിച്ചു.

ഡോക്ടർ സന്തോഷത്തോടെ അയാളുടെ അടുത്ത് ചെന്ന് അയാളെ അനുമോദിച്ചുകൊണ്ട് പറഞ്ഞു "എനിക്ക് സന്തോഷമായി .....താങ്കളുടെ അസുഖം ഭേദമായിരിക്കുന്നു....താങ്കൾക്ക് ഇന്നു തന്നെ വീട്ടിൽ പോകാം."

രോഗി : "നന്ദി ഡോക്ടർ".

ഡോക്ടർ: "ആട്ടെ, എന്തുകൊണ്ടാണ് താങ്കൾ പൂളിൽ ചാടാതിരുന്നത്?"

രോഗി : "അത് ഡോക്ടർ, പൂളിൽ ചാടാൻ എനിക്ക് നീന്തൽ
വശമില്ലാത്തതു കൊണ്ടാണ് ഞാൻ ചാടാതിരുന്നത്."



സൽന മുബീൻ
9 ഇ

# മാതൃസ്നേഹം

ആയിരം മലരുകൾ വിരിയിക്കുമെൻ മാതൃസ്നേഹം
തിന്മയെ വേർതിരിക്കും തീച്ചൂളയിൽ
നിൻ തിന്മകൾ വേർതിരിക്കുവാൻ
എവിടെ നിൻ പാപങ്ങൾ അമ്മേ!
ഒരു അവസരം കൂടി തരുമോ
നിൻ മടിയിലൊന്നു തലചായ്ക്കാൻ
അമ്മ എന്ന രണ്ടക്ഷരത്തിനപ്പുറം
ഒരായിരം അർത്ഥങ്ങളുണ്ട്.
നിൻ വിടർന്ന ചിരിയിൽ
എൻ മനസ്സിലെ ഭാരങ്ങൾ
മുഴുവൻ നീങ്ങിപ്പോയി
മാതൃസ്നേഹമെൻ ഭാഗ്യം!
എൻ ജീവിതത്തിൻ വഴിവിളക്കായ്–
നീ നടന്നീടുമെൻ അമ്മേ.
എൻ പിഴവുകൾ ഏറ്റു–
ചൊന്നാൽ ക്ഷമയരുളും.
ഓ എന്റെ സ്നേഹമേ
ജീവന്റെ നാളമേ നിന്നിൽ
മറയട്ടെ ഞാൻ.
അമ്മ തന്ന സ്നേഹമല്ലാതൊന്നുമില്ല
എന്റെ ജീവിതത്തിൽ.
ഒരവസരം കൂടി തരുമോ
നിൻ മാതൃസ്നേഹം നുകരാൻ
ഒരവസരം കൂടിതരുമോ
'അമ്മേ' എന്നു വിളിക്കാൻ.



സാന്ദ്ര വർഗീസ്
9 ഇ

# മഹത് വചനങ്ങൾ

1 "നിങ്ങളുടെ പിന്നിൽ നിന്നുകൊണ്ട് നിങ്ങളെക്കുറിച്ച് കുറ്റം പറയുന്നവരെ ശ്രദ്ധിക്കേണ്ട, അവരെ വിട്ടേക്കുക. കാരണം ശരിക്കും പറഞ്ഞാല് അവർ നിങ്ങളേക്കാൾ രണ്ടടി പുറകിലാണ്. അതുകൊണ്ടാണ് അവർക്ക് നിങ്ങളുടെ പുറകിൽ നിന്നുകൊണ്ട് കുറ്റം പറയേണ്ടിവന്നത്."

– ഡോ.എ.പി.ജെ അബ്ദുൾ കലാം

2 "ആദ്യം പരാജയം അഭിമുഖീകരിക്കാൻ ഒരിക്കലും ഭയക്കരുത്. കാരണം വിജയകരമായ കണക്കുപോലും തുടങ്ങുന്നത് സിറോയിൽ നിന്നാണ്."

–ഡോ.എ.പി.ജെ അബ്ദുൾ കലാം

3 "തിരമാലകളെ എനിക്കിഷ്ടമാണ്. അതിന്റെ ഉയർച്ചയോ താഴ്ചയോ കണ്ടിട്ടല്ല. മറിച്ച് ഓരോ താഴ്ചയിൽ നിന്നും അത് ഉയരുവാൻ ശ്രമിക്കുന്നു."

–ഡോ.എ.പി.ജെ അബ്ദുൾ കലാം

4 "ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം ഉറക്കം നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നം."

–ഡോ.എ.പി.ജെ അബ്ദുൾ കലാം

5 "ഒരു ജോലി ചെയ്യാൻ നിങ്ങൾ എത്രത്തോളം വിദഗ്ധനാണ് എന്നതിനേക്കാൾ നിങ്ങൾക്ക് ജോലിചെയ്യാനുള്ള അർപ്പണ മനോഭാവമാണ് ഏറ്റവും പ്രധാനം."

–ഡോ.എ.പി.ജെ അബ്ദുൾ കലാം

6 "നിങ്ങൾ മനുഷ്യനായതുകൊണ്ട് മാത്രം വലിയവനാവുന്നില്ല. മനുഷ്യത്ത്വമുള്ളവനാകുമ്പോഴാണ് വലിയവനാകുന്നത്."

–മോഹൻദാസ് കരംചന്ദ് ഗാന്ധി

7 "വലിയൊരു ലോകം നന്നാകാൻ ചെറിയൊരു സൂത്രം ചെവിയിലോതാം, ഞാൻ സ്വയം നന്നാവുക."

–കുഞ്ഞുണ്ണിമാഷ്

# സാഹിത്യമെ ,നമ്മൾ ഒന്നായിരുന്നെങ്കിൽ....

കാലങ്ങൾക്ക് ശേഷം വീണ്ടും സാഹിത്യം പേനത്തുമ്പിലേക്ക്

ഊർന്നിറങ്ങിയപ്പോൾ മനസ്സിലുറങ്ങിക്കിടന്ന കവിഹൃദയം
ഉളവാക്കിയ ചിന്തകൾക്ക് കൂർത്ത വാളിന്റെ മൂർച്ചയും
അവ ആഴ്ന്നിറങ്ങിയ മനസ്സിൽ രക്തത്തിന്റെ തിളപ്പും
ഞാൻ കണ്ടു...
അറിയാതെങ്കിലും കണ്ണുകൾ നിറഞ്ഞൊഴുകിയത്
ഞാനറിഞ്ഞു...
മനസ്സിൽ ആഴത്തിൽ പതിഞ്ഞ മുറിവുകൾ വീണ്ടും
വേദനയുളവാക്കിക്കൊണ്ടു തന്നെയിരുന്നു....
എന്നിട്ടും മനസ്സാഗ്രഹിച്ചു....
സാഹിത്യമേ നീ ഉണ്ടായിരുന്നുവെങ്കിൽ....
ഭദ്രമാക്കിയ കവചങ്ങളേപ്പോലും സ്പർശിച്ചുകൊണ്ട്
മനസ്സിന്റെ ആഗ്രഹങ്ങൾ ഉയർത്തെഴുന്നേറ്റപ്പോൾ
കൊതിച്ചിരുന്നു ഞാൻ... ഘടികാരം നിശ്ചലമായി പോയിരുന്നുവെങ്കിൽ
കാലചക്രം തിരിയാതിരുന്നുവെങ്കിൽ....
ഈ ഭൂമിയെ വിട്ട്, നീലാകാശങ്ങൾക്കപ്പുറത്ത് കരങ്ങളെ
കൂട്ടിയിണക്കി നാം പരസ്പരം മരങ്ങളായി....
നിലാവിൽ ഒളിച്ച് ഹൃദയതാളങ്ങളെ ചുംബിച്ച്
ശാന്തതയെ മാത്രം പ്രതിഷ്ഠിച്ച നമ്മൾ
ഒന്നായിരുന്നുവെങ്കിൽ....



മെഹറിൻ ബീഗം എസ്
9 ബി

# ഗുരുദേവസൂക്തങ്ങൾ

- സത്യം പറയണം, ധർമ്മം ആചരിക്കണം, പാഠങ്ങൾ എന്നും പഠിക്കണം.
- പഠിക്കുന്ന സമയം ശ്രദ്ധയോടുകൂടി ഗുരുവിന്റെ മുഖത്ത് നോക്കിയിരിക്കണം.
- ബുദ്ധിമാനായ ശിഷ്യൻ ഗുരുവിൽ നിന്നും ഇഹത്തിലും, പരത്തിലും ശുഭത്തെ ഉണ്ടാക്കുന്ന എല്ലാ വിദ്യകളും തത്വജ്ഞാനത്തിനായി മുടങ്ങാതെ അഭ്യസിക്കേണ്ടതാണ്.
- ബ്രഹ്മചര്യമാകുന്ന തപസ്സ് നിശ്ചയമായും വിദ്യാഭ്യാസത്തിന് ഉപകരിക്കുന്നു. സജ്ജനങ്ങളുടെ ആചാരത്തേയും ഉപദേശത്തേയും പുണ്യകർമ്മത്തെ പോലെ സ്വീകരിക്കണം.
- മിതമായ ഉറക്കം, മിതമായ ആഹാരം, മിതമായ വസ്ത്രധാരണം, മിതമായ സംഭാഷണം ഇവ ഓരോന്നും ബ്രഹ്മചാരിക്ക് അലങ്കാരമാകുന്നു.



അശ്വന വി
9 ബി

# സൗഹൃദം

വിദ്യാലയമുറ്റത്തെ ജീവിതയാത്രയിൽ

ഒരു നിഴലായ് നീയെൻ കൂടെയുണ്ടെങ്കിൽ....
എന്നാത്മാവിനുള്ളിലെ തേങ്ങലകറ്റുവാൻ
നിന്നുടെ സാമീപ്യം മാത്രം മതി!
തെറ്റേത് ശരിയേത് വേർതിരിച്ചീടുവാൻ
നീയെന്നും കരുതലോടെന്നരികിൽ....
വഴിതെറ്റുകില്ലെനെനിക്കീ ചെറുയാത്രയിൽ
എൻ പ്രിയ തോഴി നീ ഉള്ള കാലം!
സൗഹൃദമാകുന്ന വെള്ളാരം കല്ലിനെ
തഴുകി തലോടുന്ന പുഴകളിലും....
മിത്രങ്ങൾക്കായെന്നും കരുതിവച്ചീടുന്ന
സൗഹൃദത്തിൻ മണിമുത്തുകൾ നാം
നഷ്ട സ്വപ്നങ്ങളെയെല്ലാം ഉപേക്ഷിച്ചു
നല്ലൊരു നാളെ പുലർന്നീടുമ്പോൾ....
ഓർമ്മയില്ലിതുപോൽ സൗഹൃദമലരുകൾ
എന്നും പ്രകാശിതമായിടട്ടെ!



പ്രദുമോൾ

9 ബി

# കൃഷിയിലെ കുഞ്ഞുണ്ണി സ്പർശം

- നല്ലൂര് നെല്ലൂര്.
- റബർകാട് ഒരു കാടല്ല.
- തൊടിയില്ലാത്ത വീട് കേടൻ വീട്.
- ചമ്പച്ചോട്ടിൽ തൈ വയ്ക്കാത്തോർ
  ചത്താൽ പിണ്ഡം വയ്ക്കണ്ട.
- പച്ചക്കറി പൊള്ളാച്ചിയിൽ നിന്നും
  അരി തഞ്ചാവൂരിൽ നിന്നും
  പൈസ ഫോറിനിൽ നിന്നും
  വരുമെങ്കിൽ
  നമ്മുക്കെന്തിനു കണ്ണും കൃഷിയും?
  നമ്മുടെ കാലം തിന്നു മുടിക്കാം!



ദേവിക ഡി

9 ബി

# എന്റെ കവിത

## ഓർമ്മയ്ക്കുമപ്പുറം

നിശബ്ദതയുടെ വിനാഴികയിൽ
എന്റെ ചിന്തകളിൽ മിന്നിമാഞ്ഞ
വിരുന്നുകാരി.....!
ആദ്യം കേവലം ഒരു കൗതുകം
പിന്നീട്
ആ വിസ്മയം കോർത്തിണക്കിയപ്പോൾ,
അത് കവിതയായി......!
വാക്കുകൾക്ക് പകർന്നുനൽകിയ ജീവൻ
എന്നെ
ശാന്തതയുടെ സ്വപ്നലോകത്തെത്തിച്ചു.
ഇന്ന് ഞാനവളെ പ്രണയിക്കുന്നു
"എന്റെ കവിതയെ".



ശ്രീലക്ഷ്മി കെ പി
9 ബി

# എന്റെ ലോകം- എൻ അമ്മ

നാളെയെന്തെന്ന് അറിയാത്ത എൻ
ജീവിതത്തിൽ വർണങ്ങൾ ചാലിച്ച് തന്നിടുന്നു
എന്തിനോ എൻ മനം വിങ്ങിയപ്പോൾ
ആശ്വാസമായി എൻ അരികിൽ വന്നു.
പ്രതീക്ഷ വറ്റിയ എൻ ഹൃദയ സാഗരത്തിൽ
തണുത്ത വർഷമായി പെയ്തിറങ്ങി
ഞാനെന്ന എന്നെ, എൻ മനോവികാരങ്ങൾ
കണ്ണാടിയായി നീ കാട്ടി തന്നു.
അന്ധകാരത്തിൽ നടുവിലൊരു
അണയാത്ത തിരിനാളമായി തീർന്നു.
എനിക്കായി മാത്രം എത്രയോ രാവുകൾ
തന്നുടെ നിദ്ര മറഞ്ഞുപോയി.

പലപ്പോഴും നിൻ മനം നോവിച്ചിരുന്നു
അന്നു നിൻ നൊമ്പരം ഞാനറിഞ്ഞു.
നിന്നിലെ മോഹങ്ങൾ എന്നോ വെടിഞ്ഞു
എന്നുള്ളിൽ പുഞ്ചിരി തീർക്കുവാനായി
സ്നേഹിക്കാൻ മാത്രം പഠിപ്പിച്ചുതന്നു
മോഹിക്കരുതെന്ന് പറഞ്ഞു തന്നു.
ചിറകറ്റ പക്ഷിപോൽ വീണ എൻ
സ്വപ്നങ്ങളെ ചിറകു വിടർത്തി പറപ്പിച്ചു.

സ്പന്ദിക്കുമെൻ ഹൃദയ സ്പന്ദനം
തൻ മാറ്റങ്ങൾ പോലും നീ അറിഞ്ഞു
സുഖത്തിനുള്ളിൽ ദുഃഖമുണ്ടെന്നും
ദുഃഖത്തിനുള്ളിൽ സുഖമുണ്ടെന്നും
പഠിപ്പിച്ചു തന്നു നീ മാത്രം.....
നിന്നോളമാവില്ല ഭൂവിലൊന്നും അമ്മേ
നീയാണെൻ ലോകം എനിക്കെപ്പോഴും.



സോന യു
9 ബി



63-ാം

ജന്മദിനത്തിലേക്ക്

കടന്നു വന്നിരിക്കുന്ന

ജന്മനാടിന്..............

മമ കൈരളിക്ക്

അഭിവാദ്യങ്ങൾ........!!!

ആശംസകൾ

# കൃതജ്ഞതാമലരുകൾ

ചിറകിന്റെ വിരിപ്പുകൾക്കിടയിൽ നിന്ന് ഒരു
തൂവൽ അടർന്നു
വീഴുന്നു........സർവ്വതിനെയും
മണ്ണിലെത്തിക്കാൻ വെമ്പുന്ന
ഗുരുത്വാകർഷണത്തെപ്പോലും അത്ര
വകവയ്ക്കാതെ, വായുവിലൂടെ അത് തെന്നി
നീങ്ങുന്നു .......അക്ഷരങ്ങളായി......
വാക്കുകളായി മഴവില്ലഴകുള്ള
സ്വപ്നമായി.....അതെ,ഉൺമയുടെ,ഉള്ളുണർ
വിന്റെ ഒരു നനഞ്ഞ തൂവൽ
സ്പർശമെങ്കിലും ഈ **'വർണകൂപിക'**യിലൂടെ
നിങ്ങളെ തലോടി കടന്നു പോയാൽ

**ഞങ്ങൾ ധന്യരായി......**

**കൃതാർത്ഥരായി.......**


CHERUPUSHPAM
ചെറുപുഷ്പം ജി എച്ച് എസ് എസ് വടക്കഞ്ചേരി
പാലക്കാട്, പിൻ-678683